**പതിനാലാം കേരള നിയമസഭ**
**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്
**(2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്
(Presented on 21st June, 2018)

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2018**

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്
**(2018 മാർച്ച് 31 വരെയുള്ളത്)**

## PERIODICAL REPORT AS ON 31ST MARCH, 2018

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1146/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്ട് കമ്മിറ്റി V
## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി, വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2016-2018)-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 12 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ നാല് യോഗങ്ങൾ 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും, ഒരു യോഗം ഗവൺമെന്റിൽനിന്നും ലഭിച്ച കരട് ചട്ടം പരിഗണിക്കുന്നതിനും, മൂന്ന് യോഗങ്ങൾ സമിതിയുടെ പരിഗണനയ്ക്കയച്ച ബില്ലുകളുടെ പരിശോധനയ്ക്കും, ഒരു യോഗം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനും, ഒരു യോഗം ചട്ടം 235(എ) പ്രകാരമുള്ള ചർച്ചയ്ക്കായും, ഒരു യോഗം 2015-ലെ ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് റൂൾസുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതിനും, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുന്നതിനും ആയിരുന്നു. 2018-ലെ കേരള ധനകാര്യബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി II, VII, XIV എന്നീ സമിതികൾ സംയുക്ത യോഗം ചേരുകയുണ്ടായി. സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 42% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്ത് സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണന വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും • കാലതാമസ പത്രികകളും സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2018, ജൂൺ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,

ചെയർമാൻ,

*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,

2018 ജൂൺ 20.

# 1-4-2017 മുതൽ 31-3-2018 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്

## ഭാഗം 1

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്:

ധനാഭ്യർത്ഥന നമ്പർ IX — വാഹന നികുതികൾ

ധനാഭ്യർത്ഥന നമ്പർ XV — പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL — തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI — ഗതാഗതം

2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 25-4-2017-ന് സഭയിൽ സമർപ്പിച്ചു. 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 24-5-2017-ന് സഭയിൽ സമർപ്പിച്ചു. 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 18-8-2017-ന് സഭയിൽ സമർപ്പിച്ചു. 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് 26-2-2018-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികൾ:

### 2016-17 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

#### ശിപാർശ

3075-60-800-90—മറ്റ് ഗതാഗത സർവ്വീസുകൾ— മറ്റുള്ളവ—മറ്റുചെലവുകൾ— സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാ പഠനം

സംസ്ഥാനത്തെ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി എം.ആർ.വി.സി. സമർപ്പിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി ചേർന്ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം, രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC) യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യ വിഭാഗം (SPV) വഴി പദ്ധതി നടപ്പിലാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്നും സമിതി മനസ്സിലാക്കുന്നു. 2014 വിലനിലവാരം അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 2016 വിലനിലവാരത്തിലേയ്ക്ക് പുതുക്കുന്നതിലേയ്ക്കും വിശദ പദ്ധതി റിപ്പോർട്ടിലും 2016 അടിസ്ഥാനമാക്കി വരുത്തേണ്ട മാറ്റങ്ങൾക്കുമായി നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 29 ലക്ഷം രൂപ അധികമായി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

1146/2018.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്ത് സബർബൻ റെയിൽ പദ്ധതി നടത്തുന്നതിലേയ്ക്കായുള്ള പ്രോജക്ട് ഓഫീസിന്റെ ചെലവിലേക്കായി 2016-17 ബഡ്ജറ്റിൽ 1 ലക്ഷം രൂപ ടോക്കൺ ആയി അനുവദിച്ചിരുന്നു. ആയതിലേക്ക് 29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിച്ചതിൽ 7-12-2016-ലെ ജി. ഒ. (ആർറ്റി.) നമ്പർ 469/2016/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 3075-60-800-90 (പ്ലാൻ) എന്ന ശീർഷകത്തിലേക്ക് പ്രസ്തുത തുക അനുവദിക്കുകയും തുക പൂർണമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

5075-60-800-70—<u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്—മറ്റുള്ളവ— മറ്റു ചെലവുകൾ—സബർബൻ റെയിൽ പദ്ധതി</u>

സബർബൻ റെയിൽ പദ്ധതിയുടെ സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് എം. ആർ. വി. സി. സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും ചേർന്ന് ഒപ്പുവച്ച ധാരണാപത്രം പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംയുക്ത സംരംഭ കമ്പനി (JVC)യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യവിഭാഗം (SPV) വഴി പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും തിരുവനന്തപുരത്ത് ഒരു ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ ശമ്പള ഇനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏകോപന പ്രവർത്തനങ്ങളുടെ ചെലവിലേക്കുമായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

<u>സ്വീകരിച്ച നടപടി</u>

സബർബൻ റെയിൽ പദ്ധതിയുടെ 5075-60-800-70 എന്ന ശീർഷകത്തിലേക്ക് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിരുന്നില്ല. സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ഉപധനാഭ്യർത്ഥനവഴി ആവശ്യപ്പെട്ട 35 ലക്ഷം രൂപ അനുവദിച്ചില്ല.

<u>**ഭാഗം 3**</u>

സമിതിയുടെ 26-7-2017-ലെ യോഗം 2016-ലെ കേരള മോട്ടോർ വാഹന (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 762/16) പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 8-8-2017-ലെ യോഗം 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 16-8-2017-ലെ യോഗം 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 20-12-2017-ലെ യോഗം 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

സമിതിയുടെ 8-3-2018-ലെ യോഗം 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 22-3-2018-ലെ യോഗം 2018-ലെ കേരള ധനകാര്യ ബില്ല്, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ല് എന്നിവ പരിഗണിക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി II, V, VIII, XIV എന്നിവയുടെ സംയുക്തയോഗം ചേരുകയും ബില്ല് ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ഭാഗം 4

സഭയുടെ മേശപ്പുറത്തു വച്ച കാലതാമസപത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം കാലതാമസപത്രിക സഭയുടെ മേശപ്പുറത്തു വച്ചതു സംബന്ധിച്ച വിവരങ്ങൾ:

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 115, 129 | 6-2-2018 |
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 1, 2 | 22-3-2018 |

| | | |
|---|---|---|
| 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് | 1, 2, 108 | 22-3-2018 |
| 2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് | 116, 117, 130, 133 | 22-3-2018 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വച്ചതു സംബന്ധിച്ച വിവരങ്ങൾ.

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2014-15 | XLI | 22-8-2017 |
| 2015-16 | XLI | |
| 2013-14 | XLI | 6-2-2018 |
| 2014-15 | XLI | |
| 2016-17 | XV | |

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2018 ജൂൺ 20.

അനുബന്ധം

# 4-4-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ഏപ്രിൽ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ. എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി & സി.എം.ഡി., കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ
2. ഡോ. ആശാ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. കെ.എസ്. അനിൽകുമാർ, സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്
6. ശ്രീമതി എൽ. സിന്ധു, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
7. ശ്രീ. അജിത് പാട്ടീൽ, ഡയറക്ടർ, തുറമുഖ വകുപ്പ്
8. ശ്രീ. എസ്. സുരേഷ് കുമാർ, ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്
9. ശ്രീ. എം. ജി. രാജമാണിക്യം, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

10. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ്

11. ശ്രീ. എബ്രഹാം ഉമ്മൻ, ഡയറക്ടർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

12. ശ്രീ. എസ്. അനന്തകൃഷ്ണൻ, ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്

13. ശ്രീ. എ.എം. ജാഫർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14. ശ്രീമതി ഡി. കൃഷ്ണപ്രിയ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീ. വി. കെ. മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻഡിപ്പാർട്ട്മെന്റ്

16. ശ്രീ. എസ്. സുനിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്

17. ശ്രീ. എ. അജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീ. സുരേഷ് കുമാർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്

19. ശ്രീ. എം. നസീം, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗത വകുപ്പ്

20. ശ്രീമതി റോസമ്മ ജോൺ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

21. ശ്രീ. എ. അബ്ദുൾ സലാം, സീനിയർ ഫിനാൻസ് ഓഫീസർ, ഗതാഗത വകുപ്പ്

22. ശ്രീ. ടോമി സിറിയക്, പ്രോജക്ട് ഡയറക്ടർ, റാപ്പിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം

23. ശ്രീ. കെ.സി. ബിനു, അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന IX—വാഹന നികുതികൾ, XLI—ഗതാഗതം എന്നീ ധനാഭ്യർത്ഥനകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുകയും ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IX—വാഹന നികുതികൾ

2041—<u>വാഹന നികുതികൾ</u>

1. 2041-00-001-99-17—<u>വാഹന നികുതികൾ—നടത്തിപ്പും ഭരണവും—ഭരണ ചെലവുകൾ— ചെറുകിട മരാമത്ത് പണികൾ</u>

സർക്കാരിന്റെ പ്രത്യേക അനുമതിയുള്ള ചെറുകിട മരാമത്ത് പണികൾക്കും ഭൂമിയും കെട്ടിടവും ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തി

യിരിക്കുന്ന തുക അപര്യാപ്തമാണ്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ഓഫീസിന്റെ ഇലക്ട്രിക്കൽ വയറിംഗ് നവീകരിക്കുന്നതിനും അനുബന്ധ മരാമത്ത് പണികൾക്കുമായി 49 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2. 2041-00-001-97—വാഹന നികുതികൾ-നടത്തിപ്പും ഭരണവും—മോട്ടോർ വാഹന വകുപ്പ് നവീകരിക്കുന്നതിനായി സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കൽ (ഫാസ്റ്റ് പദ്ധതി)

മോട്ടോർ വാഹന വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3. 2041-00-102-99—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന—മോട്ടോർ വാഹനങ്ങളുടെ പരിശോധന

മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 06, 21.2, 45 പി.ഒ.എൽ. ഇനങ്ങളിൽ 40 ലക്ഷം രൂപയും, 6 സബ് ഓഫീസുകൾ പുതുതായി ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആയതിലേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 6 കോടി രൂപയും, 23 സബ് ഓഫീസുകളിലായി നിലവിലുള്ള വാഹനം റീപ്ലെയ്സ് ചെയ്ത് പുതിയ വാഹനം വാങ്ങുന്നതിന് 10 കോടി രൂപയും ഉൾപ്പെടെ 16.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5055—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ്

4. 5055-00-800-90—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ് - മറ്റ് ചെലവുകൾ—ഇലക്ട്രോണിക് കാര്യനിർവ്വഹണത്തിന്റെ പ്രാരംഭം

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5. 5055-00-050-98—റോഡ് ഗതാഗതം സംബന്ധിച്ച മൂലധന ചെലവ്—മോട്ടോർ വാഹന വകുപ്പ് റോഡ് ഗതാഗതം—വാഹന പരിശോധനാകേന്ദ്രങ്ങൾ

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056—ഉൾനാടൻ ജലഗതാഗതം

6. 3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ്—ഓഫീസ് ചെലവുകൾ—വൈദ്യുത ചെലവ്

പുതിയതായി ഡ്രൈഡോക്ക് സംവിധാനം നിലവിൽ വന്നതിനാൽ ബോട്ട് റിപ്പയർ കൂടുതലായി നടക്കുകയും ആയതിനായി അധിക വൈദ്യുത ചെലവ് ഉണ്ടാകുമെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

7. 3056-00-001-98—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—ഓഫീസ് ചെലവുകൾ

2017-18 വർഷത്തേയ്ക്ക് കൂടുതൽ മെഡിക്കൽ ബില്ലുകൾ പാസ്സായി വരുമെന്നുള്ളതിനാൽ 01-4-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും ബോട്ടുകളുടെ ഫിറ്റ്നെസ് ചാർജ്ജ്, രജിസ്ട്രേഷൻ ഫീസ് എന്നിവ നല്കാനുള്ളതിനാൽ 06-വാടക, കരം, നികുതി ഇനത്തിൽ 1.20 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

8. 3056-00-001-97-12—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും— അറ്റകുറ്റപ്പണികളും സംരക്ഷണവും—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

വർദ്ധിപ്പിച്ച നിരക്കിലുള്ള സ്റ്റൈപ്പന്റ് തുക നൽകേണ്ടതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

9. 3056-00-800-99-34(3)—ഉൾനാടൻ ജലഗതാഗതം—മറ്റു ചെലവുകൾ—മറ്റിനം

ബോട്ട് യാത്രക്കാർ, തേർഡ് പാർട്ടി ഇൻഷ്വറൻസ് എന്നിവയ്ക്ക് വർദ്ധിച്ച പ്രീമിയം തുക നൽകേണ്ടതിനാൽ 1.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10. 3056-00-001-98-34(3)—<u>ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും— ഓപ്പറേഷൻ—മറ്റു ചെലവുകൾ—മറ്റിനം</u>

വകുപ്പിൽ പുതിയ സർവ്വീസുകൾ നടപ്പിലായതിനാൽ ഇന്ധന ചെലവ് വർദ്ധിക്കുന്ന സാഹചര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

3055—<u>റോഡ് ഗതാഗതം</u>

11. 3055-00-800-95—<u>റോഡ് ഗതാഗതം—മറ്റ് ചെലവുകൾ—കേരള റോഡ് സുരക്ഷ ഫണ്ടിലേയ്ക്ക് മാറ്റൽ</u>

കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ ക്രമീകരണങ്ങൾക്കായി അനുവദിച്ച തുകയിൽ 133.70 കോടി രൂപയുടെ ബാധ്യതയുള്ളതിനാലും അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. <u>51.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

12. 3075-60-800-97—<u>ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം</u>

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി <u>ഈ ശീർഷകത്തിൽ 1.175 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

13. 3075-60-800-90—<u>മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റു ചെലവുകൾ— സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം</u>

പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തം വരുന്ന ഒരു ധാരണാപത്രം കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും ചേർന്ന് ഒപ്പു വയ്ക്കുകയുണ്ടായി. ധാരണാപത്രം പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC) യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യ വിഭാഗം (SPV) വഴി പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. 2014 വിലനിലവാരം അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 2017 വിലനിലവാരത്തിലേക്ക് പുതുക്കുന്നതിലേക്കും വിശദ പദ്ധതി

റിപ്പോർട്ടിലും 2017 അടിസ്ഥാനമാക്കി വരുത്തേണ്ട മാറ്റങ്ങൾക്കുമായി തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

14. 3075-60-800-86—മറ്റ് ഗതാഗത സർവ്വീസുകൾ—മറ്റുള്ളവ—മറ്റ് ചെലവുകൾ—കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് രൂപീകരിച്ച ജോയിന്റ് വെഞ്ചർ കമ്പനിയുടെ പ്രാരംഭ ചെലവുകൾ

കോർപ്പറേഷന്റെ ഓഫീസ് ബിൽഡിംഗ്, ഫർണിച്ചർ, കമ്പ്യൂട്ടർ സിസ്റ്റം, വാർത്താവിനിമയ സൗകര്യങ്ങൾ തുടങ്ങിയ പ്രാരംഭ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5056-00-104 -85 (01)—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്

15. 5056-00-104-85 (01)—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്, നാവിഗേഷൻ—കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ കീഴിലുള്ള— മുൻഗണനാ പദ്ധതികളുടെ—നടപ്പിലാക്കൽ—കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാ പദ്ധതി കരാറുകൾ ഒപ്പിട്ടതായി സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

16. 5056-00-190-88—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—സ്ലിപ് വേ കോംപ്ലക്സുകളുടെ ആധുനികവൽക്കരണം

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക സ്ലിപ് വേ കോംപ്ലക്സിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് അപര്യാപ്തമായതിനാൽ 1.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17. 5056-00-190-93 (പ്ലാൻ)—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കാർഗോ ബാർജുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)

കാലപ്പഴക്കമുള്ള ബാർജുകൾ മാറ്റി സ്ഥാപിക്കേണ്ടതായിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക ഒരു ബൾക്ക് ബാർജിന്റെ നിർമ്മാണത്തിന് അപര്യാപ്തമായതിനാലും 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18. 5056-00-190-89—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്—പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—പെട്രോൾ ടാങ്കർ ബാർജ് നിർമ്മാണം

ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പെട്രോൾ ടാങ്കർ ബാർജിന്റെ നിർമ്മാണത്തിന് അപര്യാപ്തമായതിനാൽ 2.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

19. 5075-60-190-94(1)—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് —മറ്റുള്ളവ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ—കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സ്ഥലമെറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായും കോർപ്പറേഷന്റെ ഭരണച്ചെലവുകൾക്കും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 343.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

20. 5075-60-190-93—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—മറ്റുള്ളവ പൊതുമേഖലയിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള റെയിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിക്ഷേപങ്ങൾ

കോർപ്പറേഷന്റെ സംസ്ഥാന വിഹിതമായ മൂലധന നിക്ഷേപമായി 51 കോടി രൂപയിൽ നാളിതുവരെ 1 കോടി മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21. 5075-60-190-92—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—മറ്റുള്ളവ പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ജോയിന്റ് വെഞ്ച്വർ കമ്പനിയിലെ പദ്ധതികൾ

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഒന്നാം ഘട്ടത്തിൽ റാപിഡ് റെയിൽ ട്രാൻസിസ്റ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്), തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ, കൊച്ചിൻ ഇന്റർ നാഷണൽ എയർപോർട്ടിലേയ്ക്കുള്ള പാസഞ്ചർ ടെർമിനൽ, കാർഗോ ട്രൈയാംഗുലർ ലൈൻ, എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ നവീകരണം എന്നീ പദ്ധതികൾ ഏറ്റെടുത്തു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വയനാട് ജില്ലയിലേയ്ക്ക് റെയിൽപ്പാത നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിന്, തലശ്ശേരി-മൈസൂർ റെയിൽവേ പാത മാനന്തവാടി വഴിയാണ് വരുന്നതെന്നും ബന്ദിപ്പൂരിലൂടെയുള്ള പാതയ്ക്ക് കർണ്ണാടക സർക്കാർ അനുമതി നല്കുകയില്ല എന്ന് അറിയിച്ചിട്ടുള്ളതിനാൽ ബന്ദിപ്പൂരിന് വെളിയിലൂടെ, കബനി നദിയുടെ കരയിലൂടെയാണ് പാത പ്ലാൻ ചെയ്തിരിക്കുന്നതെന്നും പ്രസ്തുത പാത മുഖേന വയനാട് ഉള്ളവർക്ക് ബാംഗ്ലൂരിലേയ്ക്ക് നാലര മണിക്കൂർ ലാഭിക്കാമെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വയനാട്ടുള്ള എം.എൽ.എ.മാരുമായി ചർച്ച ചെയ്ത് കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽനിന്നും വയനാട് വരെ റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

22. 5075-60-800-66—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—മറ്റുള്ളവ—മറ്റു ചെലവുകൾ—കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ജോയിന്റ് വെഞ്ച്വർ കമ്പനിയിലെ പദ്ധതികൾ

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ രണ്ടാം ഘട്ടത്തിൽ എരുമേലി - പുനലൂർ നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽനിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ബ്രോഡ്ഗേജ് പാത, ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ, നിർദ്ദിഷ്ട അങ്കമാലി - ശബരി ലൈനിനെ തിരുവനന്തപുരം-എറണാകുളം ലൈനുമായി ബന്ധിപ്പിക്കുന്ന ബ്രോഡ്ഗേജ് പാത, നിലമ്പൂർ-നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന സുൽത്താൻ ബത്തേരി വഴിയുള്ള ബ്രോഡ്ഗേജ് പാത എന്നീ പദ്ധതികൾ ഏറ്റെടുത്തു നടത്തുവാൻ തീരുമാനമാനിച്ചിരിക്കുന്നു.

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

23. 5075-60-800-83—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്—മറ്റുള്ളവ—മറ്റു ചെലവുകൾ -കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം IA (പേട്ട-എസ്.എൻ. ജംഗ്ഷൻ)-യുടെയും ജെ.എൽ.എൻ. സ്റ്റേഡിയം-ഇൻഫോപാർക്ക് പുതിയ മെട്രോ ലൈനിന്റെയും തയ്യാറെടുപ്പ് പ്രവൃത്തികൾക്കും ഘട്ടം I-മായി ബന്ധപ്പെട്ട പ്രാരംഭ-അനുബന്ധ പ്രവൃത്തികൾക്കും കൂടി അധിക തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 432.315 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

7055—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

24. 7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ—പൊതുമേഖലയും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കണമെന്നും പ്രസ്തുത തുകയ്ക്ക് തുല്യമായ തുക നോൺ പ്ലാൻ വിഹിതമായി സർക്കാർ ഒരു വർഷം പരമാവധി തുക 240 കോടി രൂപ നൽകുമെന്നും തീരുമാനിക്കുകയുണ്ടായി. ഈ തുക സർക്കാർ നോൺ പ്ലാൻ ഇനത്തിൽ പ്രതിമാസം 20 കോടി രൂപ വീതം നൽകുമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 214.40 കോടി രൂപ, 305 കോടി രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. 2018 മാർച്ച് മാസത്തെ പ്രതിമാസ പെൻഷൻ ബാധ്യത ഏകദേശം 68 കോടി രൂപയാണ് എന്ന് സമിതി വിലയിരുത്തുന്നു.

കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന മൂലധനച്ചെലവുകൾക്കായി 200 കോടി രൂപയും പെൻഷൻ ഫണ്ടിലേയ്ക്ക് 160 കോടി രൂപയും ഉൾപ്പെടെ 360 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.40-ന് പിരിഞ്ഞു.

## 11-4-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ഏപ്രിൽ മാസം 11-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുന്ന IX (വാഹന നികുതികൾ), XV (പൊതുമരാമത്ത്) , XL (തുറമുഖങ്ങൾ ), XLI (ഗതാഗതം) എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.10-ന് പിരിഞ്ഞു.

## 15-5-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 മെയ് മാസം 15-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം 3.45-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ചെയർമാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിയും താഴെ പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

3. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

4. ശ്രീ. വി.ആർ. സുനിൽ, കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിൻറ് സെക്രട്ടറി

2. ശ്രീമതി രമാദേവി അമ്മ, എസ്സ്., ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പ്
2. ഡോ. ആശാ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. വി. രാജപ്പൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ, പൊതുമരാമത്ത് വകുപ്പ്)
7. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, റോഡ്സ് ആന്റ് ബ്രിഡ്ജസ്, പൊതുമരാമത്ത് വകുപ്പ്
8. ശ്രീ. എം. എം. ജീവരാജ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്
9. ശ്രീ. ജെ. രവീന്ദ്രൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
10. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
11. ശ്രീ. എസ്. സുരേഷ് കുമാർ, ഡയറക്ടർ, ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
12. ശ്രീ. അബ്ദുൾ സലാം, അഡീഷണൽ ഡയറക്ടർ & ജനറൽ മാനേജർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
13. ശ്രീമതി എം. പെണ്ണമ്മ, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്

14. ശ്രീ. പി. ജി. സുരേഷ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

15. ശ്രീ. പി. ആർ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്

16. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്

17. ശ്രീ. എസ്. സുനിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിവിഷൻ, കൊല്ലം

18. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

19. ശ്രീ. വി. കെ. രാജു, കമ്പനി സെക്രട്ടറി, കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്

20. ശ്രീ. പി. വിജയകുമാർ, ഫിനാൻസ് ഓഫീസർ, തുറമുഖ വകുപ്പ്

21. ശ്രീ. ആനന്ദ് ഇലമൺ, പ്രോജക്ട് മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

22. ശ്രീ. കെ. രാജേഷ്, ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

ധനകാര്യ വകുപ്പിന്റെ ഖണ്ഡിക 14, 15, 67, 74, തുറമുഖ വകുപ്പിന്റെ ഖണ്ഡിക 94 മുതൽ 105 വരെ, ഗതാഗത വകുപ്പിന്റെ ഖണ്ഡിക 118, 124, 128 എന്നിവയിലെ ശിപാർശകളിന്മേൽ അതാത് വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 125, 126 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ അവസ്ഥ അന്വേഷിച്ച സമിതിയോട്, തിരുവനന്തപുരത്ത് മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണത്തിനുള്ള

സ്ഥലമെടുപ്പ് ആരംഭിച്ചെന്നും കോഴിക്കോട് പന്ന്യങ്കരയിൽ ഒരു മേൽപ്പാലത്തിന്റെ പണി പൂർത്തീകരിച്ചെന്നും പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായതിനാൽ ലൈറ്റ് മെട്രോയുടെ പണി ആരംഭിക്കുവാൻ കേന്ദ്രാനുമതി ആവശ്യമുണ്ടെന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രോജക്ട് മാനേജർ സമിതിയെ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട 3 മുതൽ 93 വരെയുള്ള ഖണ്ഡികകൾ പരിഗണിച്ച സമിതി, 3, 6, 14, 15, 16, 17, 18, 19, 20, 21, 22, 23, 27, 29, 30, 31, 32, 33, 37, 40, 42, 43, 46, 47, 49, 52 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ അംഗീകരിക്കുകയും "സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല" എന്ന് മറുപടി സ്റ്റേറ്റ്മെന്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡിക 4, 5, 7, 8, 9, 10, 11, 12, 13, 24, 25, 26, 27, 28, 34, 35, 36, 38, 39, 41, 44, 45, 48, 50, 51, 53, 54, 55, 59, 60, 67, 74, 76, 82, 83, 85, 87, 88, 89, 90, 91, 93 എന്നിവയിലെ മറുപടികൾ സ്വീകാര്യമല്ലായെന്നും ആയവ തിരുത്തി, യഥാർത്ഥ കാരണം രേഖപ്പെടുത്തി മറുപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നല്കുന്നതാണെന്നും അറിയിച്ചു

ഖണ്ഡിക 56-ലെ പരാമർശ വിഷയമായ ആലപ്പുഴ ദേശീയ പാതയിലെ 80 km. റോഡ് തകർന്നതുമായി ബന്ധപ്പെട്ടുള്ള മറുപടി സ്റ്റേറ്റ്മെന്റിൽ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കാരണങ്ങളൊന്നുംതന്നെ പരാമർശിച്ചിട്ടില്ലാത്തതിനാൽ, അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറുപടിയിൽ മാറ്റം വരുത്തി അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് മറുപടി സ്റ്റേറ്റ്മെന്റിന് അംഗീകാരം നല്കുന്നതാണെന്ന് സമിതി അറിയിച്ചു

സമിതിയോഗം 4.45 -ന് പിരിഞ്ഞു.

## 26-7-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ജൂലൈ 26-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഗതാഗത വകുപ്പുമന്ത്രിയുമായ ശ്രീ. തോമസ് ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും സമിതി അംഗമായ ശ്രീ. വി. അബ്ദുറഹിമാൻ എം. എൽ. എ.യും ഹാജരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. അനന്തകൃഷ്ണൻ, കമ്മീഷണർ, ഗതാഗത വകുപ്പ്
3. ശ്രീ. എം. എസ്. മുഹമ്മദ് റാഫി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. സുരേഷ് ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

സമിതി, 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും 2016-ലെ കേരള മോട്ടോർ വാഹന (ഭേദഗതി) ചട്ടങ്ങളും (എസ്. ആർ. ഒ. നമ്പർ 762/2016) സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## ഗതാഗത വകുപ്പ്

I. <u>2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട് സമിതിയുടെ നിർദ്ദേശപ്രകാരമുള്ള ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട്</u>

(ഫയൽ നമ്പർ 4076/സബ്.സി.എ 2/15/നി.സെ.)

കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 2008 പ്രകാരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ തസ്തിക മാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും 1:4 എന്ന അനുപാതത്തിലാണ് നടത്തിയിരുന്നതെന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിശ്ചിത യോഗ്യതയുള്ളവരി ല്ലാത്ത സാഹചര്യത്തിൽ ക്ലാസ്സ് 4 തസ്തികയിലെ നിശ്ചിതയോഗ്യതയുള്ളവരെക്കൂടി അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി പരിഗണിക്കണമെന്നാവശ്യപ്പെട്ട് എംപ്ലോയീസ് അസോസിയേഷൻ സർക്കാരിലേയ്ക്ക് നല്കിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, അപ്രകാരം പ്രൊമോഷൻ നല്കാമെന്നുള്ള സർക്കാർ തീരുമാനപ്രകാരം നിയമത്തിൽ ഭേദഗതി വരുത്തുകയായിരുന്നു വെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിയമത്തിൽ അമെന്റ്മെന്റ് വരുത്തിയത് ക്രമപ്രകാരമല്ലെങ്കിൽ ഇത്തരം നിയമനങ്ങൾ ഭാവിയിൽ നടത്താതിരിക്കുന്നതിന് നിയമത്തിൽ മാറ്റം വരുത്തേണ്ടതാണെന്ന്

അഭിപ്രായപ്പെട്ട സമിതി, അപ്രകാരം പ്രൊമോഷൻ നല്കിയ നാല് പേരുടെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന നടപടി എന്താണെന്ന് ആരാഞ്ഞു.

നിലവിലെ ചട്ടങ്ങളിൽ ഭേദഗതി വരുത്തി, ആകെ അഞ്ച് പേരെ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമനം ക്രമവിരുദ്ധമാണെന്ന് നിയമവകുപ്പും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പും അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിക്കെതിരെ സുപ്രീംകോടതി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത വിധി മറികടന്ന് സ്പെഷ്യൽ റൂൾ കൊണ്ടു വരുന്നത് കോടതിയലക്ഷ്യമാകുമെന്നും കൂടാതെ ബാക് ഡേറ്റ് വച്ച് റൂൾ അമെന്റ് ചെയ്യുന്നതും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ ചട്ടം പ്രസിദ്ധീകരിച്ചത് നിയമ വിരുദ്ധമാണെന്നും പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താമായിരുന്നുവെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയം സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യാമെന്ന് സമിതി തീരുമാനിച്ചു.

II. <u>1975-ലെ കേരള മോട്ടോർ വാഹന നികുതി ചട്ടങ്ങളിൽ ഭേദഗതി ചെയ്തു കൊണ്ടുള്ള 2016-ലെ കേരള മോട്ടോർ വാഹന (ഭേദഗതി) ചട്ടങ്ങൾ (S.R.O. No. 762/2016) (സബ്ജക്ട് കമ്മിറ്റിയുടെ സാധൂകരണത്തിനായി)</u>

(ഫയൽ നമ്പർ 1299/സബ്.സി.എ 2/2017/നി.സെ.)

നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഹരിത നികുതി പണമായോ ഇ-പേയ്മെന്റ് മുഖേനയോ അടയ്ക്കുന്നതിനാവശ്യമായ (ഭേദഗതികൾ) ചട്ടം 4-ലും ഹരിത നികുതി 'GTL' ഫോമിൽ അടയ്ക്കുന്നതിന് ചട്ടം 7-ലും ടാക്സ് പരിശോധന നടത്തുന്നതിന് സെക്ഷൻ 11 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോ പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടറോ അതിനുമുകളിലുള്ള ഉദ്യോഗസ്ഥരെയോ അധികാരപ്പെടുത്തുന്നതിന് ചട്ടം 9-ലും ഉപയോഗമില്ലാത്ത സമയങ്ങളിൽ വാഹനങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ഫോം 'ജി' പ്രകാരം അപേക്ഷ നല്കുന്നതിനായി RTO/JTO-യെ അധികാരപ്പെടുത്തുന്നതിന് ചട്ടം 10-ലും ഡ്യൂപ്ലിക്കേറ്റ് ടാക്സ് സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള ഫീസ് 5 രൂപയിൽ നിന്നും 100 രൂപയായി ഉയർത്തുന്നതിന് ചട്ടം 14-ലും വരുത്തിയ ഭേദഗതികൾ ഉൾപ്പെടുത്തിയാണ് കരട് വിജ്ഞാപനം ഇറക്കിയതെന്നും ആയത് അംഗീകരിച്ച് 16-12-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയെന്നും ഫിനാൻസ് ആക്ടിൽ വരുത്തിയ മാറ്റം വരുത്തൽ നടപ്പിലാക്കുന്നതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്താണ് ഭേദഗതികൾ കൊണ്ടുവന്നതെന്നും ആയതിനാൽ 1957-ലെ കേരള മോട്ടോർ വാഹന നികുതി ചട്ടങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള 2016-ലെ കേരള മോട്ടോർ വാഹന (ഭേദഗതി) ചട്ടങ്ങൾ സാധൂകരിക്കണമെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

പ്രസ്തുത എസ്. ആർ. ഒ. നമ്പർ 762/2016 യുടെ ഗസറ്റ് വിജ്ഞാപനത്തിൽ താഴെ പറയുന്ന ഭേദഗതികൾ കൂടി ഉൾപ്പെടുത്തണമെന്ന് നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു.

രണ്ടാം ഖണ്ഡത്തിലെ

(i) ഉപഖണ്ഡം (a) (2)-ലെ രണ്ടാമത്തെ ഖണ്ഡികയിലെ ആദ്യത്തെ വരിയിൽ 'regisered' എന്നത് 'registered' എന്ന് മാറ്റുക.

(ii) ഉപഖണ്ഡം d (1)-ലെ അഞ്ചാമത്തെ വരിയിൽ 'table' എന്നത് 'Table' എന്ന് മാറ്റുക.

(iii) ഉപഖണ്ഡം (f)-ൽ after Form 'ETL', the following FORMS shall be insert namely:—എന്നതിനുശേഷം മധ്യഭാഗത്തായി ആദ്യം 'FORM GTL' എന്നും രണ്ടാമതായി '[see Rule 7 (2)]' എന്നും രണ്ടാമത്തെ ഫോമിന് മുമ്പ് മധ്യഭാഗത്തായി ആദ്യം 'FORM EGTL', എന്നും രണ്ടാമതായി '[see Rule 7(2)]' എന്നും ചേർക്കുക.

നിയമ വകുപ്പ് നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി, പ്രസ്തുത എസ്.ആർ.ഒ. സാധൂകരിക്കാൻ സമിതി തീരുമാനിച്ചു.

III. <u>സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയൽ</u>

<u>2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ 86/സബ്.സി.എ 2/14/നി.സെ.)

പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.10 -ന് പിരിഞ്ഞു.

## 8-8-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ

യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗമായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടിയും സമിതി അംഗം ശ്രീ. വി. ആർ. സുനിൽകുമാർ എം.എൽ.എ.യും ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അനിൽകാന്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ
2. ശ്രീമതി ഇന്ദുകല പി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. രാജീവ് പുത്തലേത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
4. ശ്രീ. സുരേഷ് കുമാർ, സീനിയർ ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

സമിതി 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബില്ലും 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു :

1. Kerala Motor Vehicles Taxation (Amendment) Bill, 2017

കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കാൻ സമിതി തീരുമാനിച്ചു :

ക്രമനമ്പർ 2 Amendment of section 2- ലെ മൂന്നാമത്തെ വരിയിലെ 'following' എന്ന വാക്ക് നീക്കം ചെയ്യാനും നാലാമത്തെ വരി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യാനും തീരുമാനിച്ചു.

"goods and services tax and such other tax as may be levied by the Central and State Government."

2. കരട് റിപ്പോർട്ട്

സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഭേദഗതികളില്ലാതെ അംഗീകരിച്ചു.

യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

## 16-8-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V 2017 ആഗസ്റ്റ് 16-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 ബി' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫീഷ്യോ അംഗം തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഗതാഗത വകുപ്പു മന്ത്രിയുമായ ശ്രീ. തോമസ് ചാണ്ടിയും താഴെപറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം.എൽ. എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ. എ.
3. ശ്രീ. ജോൺഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീ. അജിത് പാട്ടിൽ, ഡയറക്ടർ, തുറമുഖ വകുപ്പ്
4. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

സമിതി, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

ഇൻഡ്യൻ ഭരണഘടനയനുസരിച്ച് ചെറുകിട തുറമുഖങ്ങൾ, ഉൾനാടൻ ജലപാതകൾ, ദേശസാത്കൃതമല്ലാത്ത സംസ്ഥാന ജലപാതകൾ എന്നിവ സംസ്ഥാന സർക്കാരിന്റെ ചുമതലയിലും ബാക്കിയുള്ളവ കേന്ദ്ര സർക്കാരിന്റെ ചുമതലയിലുമാണെന്നും മേൽപ്പറഞ്ഞവയുടെ

ഭരണവും നടത്തിപ്പും മറ്റും നടത്തുന്നതിനും അവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുമായുള്ള ബില്ലാണ് 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ എന്നും ബില്ലിന്റെ പീഠികയിൽ മാറ്റങ്ങളൊന്നുമില്ലെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരള മാരിടൈം ബോർഡ് ബില്ലിന്റെ 3-ാം ഖണ്ഡത്തിലെ 4-ാം ഉപഖണ്ഡത്തിലെ വ്യവസ്ഥകൾ സമിതി ചർച്ച ചെയ്യുകയും പ്രസ്തുത ബോർഡിന്റെ ചെയർമാനും വൈസ് ചെയർമാനും സർക്കാർ നാമനിർദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ, വിരമിച്ച ഉദ്യോഗസ്ഥരോ ആകണമെന്നുള്ളത് സർക്കാരിന് പ്രസ്തുത ബോർഡിൽ നിയന്ത്രണമില്ലാത്ത അവസ്ഥ സൃഷ്ടിക്കുമെന്നും ആയതിനാൽ പ്രസ്തുത ബോർഡിന്റെ ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ തുറമുഖ വകുപ്പു മന്ത്രിയും ആയിരിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

3-ാം ഖണ്ഡത്തിലെ (4) (viii)-ൽ ഉൾപ്പെടുത്തിയിരിക്കുന്ന 'വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - എക്സ് ഒഫിഷ്യോ അംഗം' എന്നത് ഒഴിവാക്കുന്നത്, (4) (iii)-ൽ ഹാർബർ എഞ്ചിനീയറിംഗ് സെക്രട്ടറിയെ കൂടി ബോർഡിൽ അംഗമായി ഉൾപ്പെടുത്തുന്നത്, ചെറുകിട തുറമുഖങ്ങളിലെ തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ മാരിടൈം ബോർഡുകളിലുള്ളതുപോലെ ഒരു പ്രതിനിധിയെ കൂടി ഉൾപ്പെടുത്തുന്നത്, അദ്ധ്യായം XII-ൽ സംസ്ഥാന തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ രൂപീകരണം എന്ന 102-ാം ഖണ്ഡത്തിലും തദ്ദേശീയ ഉപദേശക സമിതി എന്ന 103-ാം ഖണ്ഡത്തിലും ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നത് എന്നിവ സംബന്ധിച്ച് സമിതി ചർച്ച ചെയ്തു.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ 13-ാം ഖണ്ഡത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 3-ാം ഖണ്ഡത്തിലെ ഉപഖണ്ഡം (4) (ii)-ൽ 'വൈസ് ചെയർമാനും' എന്ന വാക്കിനു പകരം 'വൈസ് ചെയർമാനെ' എന്ന വാക്ക് ചേർക്കുകയും 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ഒരാളെ' എന്ന വാക്ക് ഒഴിവാക്കുകയും ചെയ്യണമെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അഭ്യർത്ഥിച്ചതനുസരിച്ച് അപ്രകാരം ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ബോർഡിന്റെ യോഗം ചേരുന്നതു സംബന്ധിച്ച വ്യവസ്ഥകളെന്തെല്ലാമാണെന്നും ഒരു വർഷം എത്ര തവണ യോഗം ചേരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ അന്വേഷണത്തിന്, ബില്ലിന്റെ 5-ാം ഖണ്ഡത്തിൽ ബോർഡിന്റെ യോഗത്തെ കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ടെന്നും വർഷത്തിൽ ചേരേണ്ട യോഗങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം റൂൾസിൽ ഉൾപ്പെടുത്തിയാൽ മതിയാകുമെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഖണ്ഡം 22 (ബി) പ്രകാരം "സ്ഥാവരവസ്തുവിന്റെ ആർജ്ജനത്തിനോ വിൽപ്പനയ്ക്കോ വേണ്ടിയോ അങ്ങനെയുള്ള ഏതെങ്കിലും വസ്തു മുപ്പത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേക്ക് പാട്ടത്തിന് കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും വേണ്ടിയോ ഉള്ള യാതൊരു കരാറും അത്, സർക്കാർ അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേലും ഉപാധികളിൻമേലും, മുൻകൂട്ടി അംഗീകരിക്കാത്തപക്ഷം ഉണ്ടാക്കുവാൻ പാടുള്ളതല്ല". എന്ന് നിയമത്തിൽ പ്രതിപാദിച്ചാൽ അത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടൽ അന്യമാകുന്ന അവസ്ഥ സൃഷ്ടിക്കില്ലേ എന്നുള്ള സമിതിയുടെ ചോദ്യത്തിന് ഈ ബില്ലിന് മത്സ്യമേഖലയുമായി യാതൊരു ബന്ധവുമില്ലെന്നും ചരക്ക ഗതാഗതവുമായി മാത്രമേ ബന്ധമുള്ളുവെന്നും നിയമ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

ബില്ലിന്റെ 26-ാം ഖണ്ഡത്തിൽ ഡോക്കുകൾ, വാർഫുകൾ മുതലായ കടൽ സഞ്ചാരയാനങ്ങൾ ഉപയോഗിക്കണമെന്ന് ഉത്തരവിടാനുള്ള ബോർഡിന്റെ അധികാരത്തെ കുറിച്ച് വ്യക്തമാക്കുന്നുണ്ടെന്നും അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേന്ദ്ര ആക്ട് നിലവിലുണ്ടോയെന്നും പുറത്തുനിന്നുള്ള യാനത്തിന് പോർട്ടിൽ വരുന്നതിനും ഹാൾട്ട് ചെയ്യുന്നതിനും അനുവാദം നൽകാൻ മാരിടൈം ബോർഡിന് അധികാരമുണ്ടോയെന്നുമുള്ള സമിതിയുടെ അന്വേഷണത്തിന്, കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞതിനുശേഷമേ യാനങ്ങൾക്ക് ചെറുകിട തുറമുഖങ്ങളിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളുവെന്നും അപ്രകാരം വരുന്നതിനും ഹാൾട്ട് ചെയ്യുന്നതിനുമുള്ള അനുവാദം നൽകുവാൻ മാരിടൈം ബോർഡിന് കഴിയുമെന്നും എന്നാൽ കസ്റ്റംസ് ആക്ടിന്റെ നിബന്ധനകൾ അനുസരിച്ച് മാത്രമേ ചരക്ക് നീക്കം സാധിക്കുകയുള്ളുവെന്നും "subject to the provisions of section 52 of Central Act 1962" എന്നാണ് 26-ാം വകുപ്പിൽ പറയുന്നതെന്നും നിയമവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

ബില്ലിന്റെ 25-ാം ഖണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചാനലുകളും അതിന്റെ ബേസിനുകളും ഉൾപ്പെടെ ചെറുകിട തുറമുഖത്തിനുള്ളിൽ വന്നുപോകുന്ന ഓരോ മത്സ്യബന്ധനയാനവും ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ് എന്ന വ്യവസ്ഥ ഡോക്കുകളും വാർഫുകളും ഉപയോഗിക്കുന്നതിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ അകറ്റി നിർത്തുമെന്നും മത്സ്യബന്ധനയാനങ്ങൾക്ക് പ്രവേശനമില്ലാത്ത അവസ്ഥ സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്നും അതുകൊണ്ട് 25, 26 എന്നീ ഖണ്ഡങ്ങളിൽ ഭേദഗതി വരുത്തണമെന്നുള്ള സമിതിയുടെ നിർദ്ദേശത്തിന്, 26-ാം ഖണ്ഡം കസ്റ്റംസ് ആക്ടുമായി ബന്ധപ്പെട്ടതായതിനാൽ ഭേദഗതിവരുത്താൻ സാധിക്കില്ലെന്നും 25-ാം ഖണ്ഡ പ്രകാരം യാനങ്ങളുടെ പ്രവേശനത്തെ നിരോധിക്കാതെ ഒരു പൊതു നിയന്ത്രണമാണ് ഉദ്ദേശിക്കുന്നതെന്നും ആയതിനാൽ "ചാനലുകളും അതിന്റെ ബേസിനുകളും ഉൾപ്പെടെയുള്ള ചെറുകിട തുറമുഖത്തിനുള്ളിൽ വന്നുപോകുന്ന ഓരോ മത്സ്യബന്ധനയാനവും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ് " എന്ന് ഭേദഗതി വരുത്തുന്നതായിരിക്കും ഉചിതമെന്ന് നിയമവകുപ്പ് സെക്രട്ടറി അറിയിക്കുകയും അപ്രകാരം ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

ഈ ആക്ട് മുഖേന ബോർഡിന് ഇത്തരം അധികാരം നൽകിയാൽ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുള്ളതിനാൽ ഖണ്ഡം 25-ൽ പ്രതിപാദിച്ചിരിക്കുന്ന വകുപ്പിൽ സമിതിയംഗമായ ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ. വിയോജിപ്പ് രേഖപ്പെടുത്തി.

ബില്ലിന്റെ 17-ാം ഖണ്ഡത്തിലെ ശീർഷകത്തിൽ "തുറമുഖ കാര്യാലയത്തിലെ" എന്നതിനു പകരം "തുറമുഖ ഡയറക്ടറേറ്റിലേയും കാര്യാലയങ്ങളിലെയും" എന്നും രണ്ടാമത്തെ വരിയിലെ "തുറമുഖ കാര്യാലയത്തിലെ" എന്നതിനു പകരം "തുറമുഖ ഡയറക്ടറേറ്റിലേയും തുറമുഖ കാര്യാലയങ്ങളിലെയും" എന്നും മാറ്റം വരുത്തേണ്ടതാണെന്ന് തുറമുഖ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിക്കുകയും അപ്രകാരം മാറ്റം വരുത്താമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ചെറുകിട തുറമുഖത്തിന്റെ നിർദ്ദിഷ്ട പരിധിയ്ക്കുള്ളിൽ അപകട സാധ്യതയുണ്ടെങ്കിൽ അപായ സിഗ്നൽ നൽകാനും അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താനുമുള്ള വ്യവസ്ഥ ഈ ആക്ടിൽ ഉൾപ്പെടുത്തണമെന്ന് സമിതിയുടെ ആവശ്യത്തിന്, 25-ാം ഖണ്ഡത്തിൽ 2-ാം ഉപഖണ്ഡമായി "ബോർഡിന്റെ അധികാര പരിധിയിൽ വരാവുന്ന അപായ സൂചനകൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള എല്ലാ നടപടികളും ബോർഡ് സ്വീകരിക്കേണ്ടതാണ്" എന്ന് ഉൾപ്പെടുത്താമെന്ന നിയമവകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശം സമിതി അംഗീകരിച്ചു. 'വിറ്റുവരവിന്റെ വിനിയോഗം' എന്ന 50-ാം ഖണ്ഡത്തിൽ എല്ലാ വിഷയങ്ങളും വന്നിട്ടില്ലാത്തതിനാൽ പ്രസ്തുത ഖണ്ഡത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കുകയും അപ്രകാരം ഭേദഗതി വരുത്താമെന്ന് സമിതി ശിപാർശ ചെയ്തു.

താഴെപ്പറയുന്ന ഭേദഗതികൾ മാരിടൈംബോർഡ് ബില്ലിൽ ഉൾപ്പെടുത്താൻ സമിതി ശിപാർശ ചെയ്തു :

1. ഖണ്ഡം 3, ഉപഖണ്ഡം 4(ii)-ൽ "വൈസ് ചെയർമാനും" എന്ന വാക്കിനു പകരം "വൈസ് ചെയർമാനെ" എന്ന വാക്ക് ചേർക്കുകയും "ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ഒരാളെ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

2. ഖണ്ഡം 9, ഉപഖണ്ഡം 2-ൽ അഞ്ചാമത്തെ വരിയിലെ "അത് " എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

3. ഖണ്ഡം 10, ഉപഖണ്ഡം 1-ൽ "ആക്ടിന് " എന്ന വാക്കിന് പകരം "ആക്ട് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. ഖണ്ഡം 13, ഉപഖണ്ഡം 2-ൽ "ബത്തകൾ കൂടാതെ മറ്റ് സേവന വ്യവസ്ഥകളും" എന്നതിനു പകരം " ബത്തകൾ, മറ്റ് സേവന വ്യവസ്ഥകൾ എന്നിവ" എന്ന് മാറ്റം വരുത്തേണ്ടതാണ്.

5. ഖണ്ഡം 17, മാർജിനൽ ശീർഷകത്തിലെ "ഇറമുഖ കാര്യാലയത്തിലെ" എന്നതിനുപകരം "ഇറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും" എന്ന് മാറ്റം വരുത്തേണ്ടതാണ്. പ്രസ്തുത ഖണ്ഡത്തിലെ രണ്ടാമത്തെ വരിയിലെ "ഇറമുഖ കാര്യാലയത്തിലെ" എന്നതിനു പകരം "ഇറമുഖ ഡയറക്ടറേറ്റിലെയും ഇറമുഖ കാര്യാലയങ്ങളിലെയും" എന്ന് മാറ്റം വരുത്തേണ്ടതാണ്.

6. ഖണ്ഡം 25, (1) മാർജിനൽ ശീർഷകത്തിൽ "മത്സ്യബന്ധനയാനങ്ങളുടെ മേലുള്ള നിയന്ത്രണം" എന്നതിനു ശേഷം "(1)" എന്ന് ചേർക്കേണ്ടതാണ്.

(2) ഓരോ "മത്സ്യബന്ധനയാനവും" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ" എന്നു കൂടി ചേർക്കേണ്ടതാണ്.

(3) പ്രസ്തുത ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡമായി "(2) ബോർഡിന്റെ അധികാര പരിധിയിൽ വരാവുന്ന അപായ സൂചനകൾ നൽകാൻ കഴിയുന്ന വിധത്തിലുള്ള എല്ലാ നടപടികളും ബോർഡ് സ്വീകരിക്കേണ്ടതാണ്" എന്ന് ചേർക്കേണ്ടതാണ്.

7. ഖണ്ഡം 33, ഉപഖണ്ഡം (2)-ൽ "സംഭരിക്കലിനു വേണ്ടിയോ" എന്ന വാക്കിനു പകരം "സംഭരിക്കുന്നതിനു വേണ്ടിയോ" എന്ന വാക്ക് ചേർക്കുക.

8. ഖണ്ഡം 34, ഉപഖണ്ഡം (1)-ൽ "വിധേയമായല്ലാതെ" എന്നതിനു പകരം "വിധേയമായല്ലാതെയും " എന്ന് ചേർക്കേണ്ടതാണ്.

9. ഖണ്ഡം 36, ഉപഖണ്ഡം (1)-ൽ "സംബന്ധിച്ചോ" എന്ന വാക്കിനു പകരം "ബന്ധപ്പെട്ടോ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

10. ഖണ്ഡം 50, നിലവിലുള്ള ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്. അതായത്:—

"50. വിറ്റ് വരവിന്റെ വിനിയോഗം.—(1) 1962-ലെ കസ്റ്റംസ് ആക്ടിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി 48-ാം വകുപ്പുപ്രകാരമോ 49-ാം വകുപ്പുപ്രകാരമോ ഉള്ള ഓരോ വിൽപ്പനയുടെയും വിറ്റുവരവ് താഴെപ്പറയുന്ന ക്രമത്തിൽ വിനിയോഗിക്കേണ്ടതാണ്:—

(എ) വിൽപ്പനയുടെ ചെലവുകൾ കൊടുക്കുന്നതിൽ;

(ബി) 46-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം ബോർഡിന്റെ ലീനിന്റെ മുൻഗണനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ലീനുകളും അവകാശങ്ങളും അവയുടെ മുൻഗണനാ ക്രമപ്രകാരം കൊടുക്കുന്നതിൽ;

(സി) ചരക്കുകൾ കരയ്ക്കിറക്കുന്നതിനോ നീക്കം ചെയ്യുന്നതിനോ സൂക്ഷിക്കുന്നതിനോ സംഭരണശാലയിൽ സംഭരിക്കുന്നതിനോ ഉള്ള നിരക്കുകളും ചെലവുകളും, അങ്ങനെയുള്ള ചരക്കുകൾ സംബന്ധിച്ച് കരയ്ക്കിറക്കിയ തീയതി മുതൽ നാലുമാസക്കാലാവധിക്ക് കൊടുക്കേണ്ടതായ പീനൽ ഡമറേജ് അല്ലാത്ത ഡമറേജ് ഉൾപ്പെടെ അതിനെ സംബന്ധിച്ച് ബോർഡിന് ചെല്ലേണ്ട മറ്റ് എല്ലാ ചാർജ്ജുകളും കൊടുക്കുന്നതിൽ;

(ഡി) ബോർഡിന് ചെല്ലേണ്ടതായ മറ്റേതെങ്കിലും തുക കൊടുക്കുന്നതിൽ.

(2) അധിക തുക ഏതെങ്കിലുമുണ്ടെങ്കിൽ, ചരക്കുകളുടെ ഏൽപ്പിച്ചു കൊടുക്കുന്ന ആളിനോ അയാളുടെ ഏജന്റിനോ ഇറക്കുമതിക്കാരനോ ഉടമസ്ഥനോ ചരക്കുകളുടെ വിൽപ്പന തീയതി മുതൽ ആറു മാസത്തിനുള്ളിൽ ഇതിനുവേണ്ടി അയാൾ സമർപ്പിച്ച ഒരു അപേക്ഷയിന്മേൽ നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം യാതൊരു അപേക്ഷയും സമർപ്പിച്ചിട്ടില്ലാത്തിടത്ത് ബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിനായി അധിക തുക വിനിയോഗിക്കേണ്ടതാണ്.

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നും ആയതിനാൽ കേരള മാരിടൈം ബോർഡ് ബിൽ നിലവിൽ വരേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും ബഹു.ചെയർമാൻ വിലയിരുത്തി.

യോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

## 31-10-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2017 ഒക്ടോബർ 31-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു :

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

3. ശ്രീ. വി.ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എ. ഷൈല, ജോയിൻറ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവം & കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. അനിൽകാന്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ
5. ശ്രീ. കെ. എസ്. മധുസൂദനൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി സുപ്രഭ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
7. ശ്രീ. ഇ. കെ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്),പൊതുമരാമത്ത് വകുപ്പ്
8. ശ്രീ. എം. ജി. ലൈജു, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. പി. കെ. ബാബു, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
10. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്.

ബഹു. ഗതാഗത വകുപ്പുമന്ത്രി ഹാജരാകാത്തതിനാൽ പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട് സമിതിയുടെ നിർദ്ദേശ പ്രകാരമുള്ള ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് സമിതിയുടെ മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു

സമിതി 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 120 പരിഗണനയ്ക്കെടുക്കുകയും, ഗവൺമെന്റ് റസ്റ്റ്

ഹൗസുകളുടെ നവീകരണവും സംരക്ഷണവും സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു :

<u>ഗവൺമെന്റ് റസ്റ്റ് ഹൗസുകളുടെ നവീകരണവും സംരക്ഷണവും</u>

<u>സംബന്ധിച്ച വിലയിരുത്തൽ</u>

കേരളത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വിവിധ ജില്ലകളിലായി ആകെ 149 റസ്റ്റ് ഹൗസുകളുണ്ടെന്നും സ്ഥലത്തിന്റെ പ്രാധാന്യവും മുറികളുടെ എണ്ണവും കണക്കാക്കി ഇവയെ ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3 എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു എന്നും ക്ലാസ് 1 വിഭാഗത്തിൽ 15-ഉം ക്ലാസ് 2-ൽ 56-ഉം ക്ലാസ് 3-ൽ 78-ഉം റസ്റ്റ് ഹൗസുകളുണ്ടെന്നും ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നതും പത്തോ അതിൽ കൂടുതലോ മുറികളുള്ളതുമായ റസ്റ്റ് ഹൗസുകളെ ക്ലാസ് 1 വിഭാഗത്തിലും ആറോ അതിൽ കൂടുതലോ മുറികളുള്ള റസ്റ്റ് ഹൗസുകളെ ക്ലാസ് 2 വിഭാഗത്തിലും അഞ്ചോ അതിൽ കുറവോ മുറികളുള്ളവയെ ക്ലാസ് 3 വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി പറഞ്ഞു. എല്ലാ റസ്റ്റ് ഹൗസുകളിലുമായി 958 മുറികളും 19 കോൺഫറൻസ് ഹാളുകളും ഉണ്ടെന്നും 374 ജീവനക്കാർ ആവശ്യമുള്ളിടത്ത് 230 പേർ മാത്രമാണുള്ളതെന്നും 144 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും കേരളത്തിലെ 20 റസ്റ്റ് ഹൗസുകളിൽ അംഗീകൃത തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ താൽക്കാലിക ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചാണ് ദൈനംദിന കാര്യങ്ങൾ നടത്തുന്നതെന്നും കാറ്റഗറി 1-ൽ 36-ഉം കാറ്റഗറി 2-ൽ 65-ഉം കാറ്റഗറി 3-ൽ 98-ഉം ദിവസവേതനക്കാരാണ് ജോലി ചെയ്തുകൊണ്ടിരിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

റസ്റ്റ് ഹൗസുകൾക്കാകെ 1400 ഏക്കർ ഭൂമിയാണുള്ളതെന്നും അതിൽ ഓരോ റസ്റ്റ് ഹൗസിനും 10-12 ഏക്കർ ഭൂമി വീതമുണ്ടെന്നും 52 റസ്റ്റ് ഹൗസുകളിൽ കാന്റീൻ സൗകര്യമുണ്ടെന്നും ഇടുക്കി ജില്ലയിലെ മൂന്നാർ, എറണാകുളം ജില്ലയിലെ ആലുവ, കോട്ടയം ജില്ലയിലെ വൈക്കം എന്നീ റസ്റ്റ് ഹൗസുകൾ സ്വകാര്യവ്യക്തികൾക്ക് 30 വർഷത്തേക്ക് ലീസിന് നൽകിയെങ്കിലും കൃത്യമായി ലീസ് റെന്റ് നൽകാത്തതിനാൽ വിജയിച്ചില്ലെന്നും കുടിശ്ശിക ലഭിക്കാനുള്ളത് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി സമഗ്ര പദ്ധതി തയ്യാറാക്കണമെന്ന് പ്ലാനിംഗ് ബോർഡ് മീറ്റിംഗിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുണ്ടെന്നും നിലവിലുള്ള ബഡ്ജറ്റ് പ്രൊവിഷൻ (പ്ലാൻ - 28 കോടി 92 ലക്ഷം രൂപ, നോൺ പ്ലാൻ-15 കോടി രൂപ) ഉപയോഗിച്ച് മുഴുവൻ റസ്റ്റ് ഹൗസുകളും നവീകരിക്കാൻ കഴിയില്ലെന്നും അതുകൊണ്ട് അടുത്തവർഷം 410 കോടി രൂപ ഈ ഇനത്തിൽ ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പുതിയ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതെവിടെയൊക്കെയാണെന്ന സമിതിയുടെ ചോദ്യത്തിന് കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണെന്നും റസ്റ്റ് ഹൗസുകളിലെ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും 1987-ലെ സ്പെഷ്യൽ റൂൾസ് പ്രകാരമാണ് റസ്റ്റ് ഹൗസുകളിൽ ജീവനക്കാരെ നിയമിക്കുന്നതെന്നും സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ റിസർവേഷൻ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനുള്ള സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനായി 31 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടെന്നും മുറികൾ ബുക്ക് ചെയ്യുന്നതിനും മുറിവാടക ഒടുക്കുന്നതിനും ബുക്കിംഗ് ക്യാൻസൽ ചെയ്യുന്നതിനുമുള്ള സേവനം ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനായി എല്ലാ റസ്റ്റ്ഹൗസുകളെയും കമ്പ്യൂട്ടർവൽക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എല്ലാ റസ്റ്റ് ഹൗസുകളിലും ഓൺലൈൻ സംവിധാനം ത്വരിതഗതിയിൽ ഏർപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടു.

കേരളത്തിലെ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകൾ വളരെ നല്ല രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും അവയുടെ നടത്തിപ്പ് ചുമതല ടൂറിസം വകുപ്പിനാണെന്നും അതുപോലെ റസ്റ്റ്ഹൗസുകളുടെ പ്രവർത്തനവും മെച്ചപ്പെടുത്തണമെന്നും കോടിക്കണക്കിന് രൂപയുടെ സ്വത്തുണ്ടെങ്കിലും റസ്റ്റ് ഹൗസുകൾ കാലാനുസൃതമായി പുനരുദ്ധരിക്കുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

റസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപണികൾക്കും പുതിയ കെട്ടിട നിർമ്മാണത്തിനുമായാണ് 410 കോടി രൂപ ആവശ്യപ്പെടുന്നതെന്നും എറണാകുളം, കോട്ടയം, ബാലുശ്ശേരി, പേരാമ്പ്ര, കൊയിലാണ്ടി, ആറ്റിങ്ങൽ, പാലക്കാട്, താമരശ്ശേരി, കരുമാടി, ചാലക്കുടി, വൈക്കം എന്നീ റസ്റ്റ് ഹൗസുകളിലാണ് സിവിൽ വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നതെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വെളിപ്പെടുത്തി.

ജീവനക്കാരുടെ സേവനം എങ്ങനെ മെച്ചപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ട്രെയിനിംഗ് നൽകി മെച്ചപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ 30 റൂമുകളുടെ പരിപാലനത്തിനായി പരിശീലനം ലഭിച്ച 60 സ്റ്റാഫുള്ളപ്പോൾ റസ്റ്റ് ഹൗസിൽ 25 റൂമിന് 8 സ്റ്റാഫാണുള്ളതെന്നും ഗസ്റ്റ് ഹൗസിന്റെ ക്വാളിറ്റി റസ്റ്റ് ഹൗസുകളിലും കൊണ്ടുവരുന്നതിന് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കേണ്ടതും ട്രെയിനിംഗ് നൽകേണ്ടതും അത്യാവശ്യമാണെന്നും ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) അറിയിച്ചു.

ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത 4-4-2017-ലെ യോഗത്തിൽ റസ്റ്റ് ഹൗസ് ജീവനക്കാർക്ക് പരിശീലനം നൽകാൻ തയ്യാറാണെന്ന് ടൂറിസം വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുമായി എഗ്രിമെന്റ് ഉണ്ടാക്കുകയും റസ്റ്റ് ഹൗസിലെ മുഴുവൻ ജീവനക്കാർക്കും കേരള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചിരിക്കുകയാണെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

മെയിന്റനൻസ് കൃത്യമായി നടത്താത്തതിനാൽ റസ്റ്റ് ഹൗസുകൾ ശോചനീയാവസ്ഥയിലാണെന്നഭിപ്രായപ്പെട്ട സമിതി എല്ലാ വർഷവും റസ്റ്റ് ഹൗസുകളുടെ മെയിന്റനൻസിന് തുക ലഭിക്കുന്നുണ്ടോയെന്ന് ആരാഞ്ഞു. റസ്റ്റ് ഹൗസുകളുടെ മെയിന്റനൻസിനു മാത്രമായി പ്രത്യേകം തുക അനുവദിക്കാറില്ലെന്നും സിവിൽ സ്റ്റേഷൻ ഉൾപ്പെടെയുള്ള എല്ലാ ബിൽഡിംഗുകളുടെയും മെയിന്റനൻസിനായി ഈ വർഷം 15 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് മെയിന്റനൻസ് നടത്താൻ സാധിക്കാത്തതെന്നും ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) പൊതുമരാമത്ത് വകുപ്പ് മറുപടി നൽകി.

പി.ഡബ്ല്യു.ഡി.യുടെ ബിൽഡിംഗ് വിഭാഗത്തിലും സ്റ്റാഫിന്റെ അപര്യാപ്തയുണ്ടെന്നും 30 വകുപ്പുകളുടെ വർക്കുകൾ പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം ചെയ്യുന്നുണ്ടെന്നും സ്റ്റാഫ് സ്ട്രെങ്ങ്ത് വർദ്ധിപ്പിച്ചുതരാമെന്ന് പൊതുമരാമത്ത് വകുപ്പുമന്ത്രി പ്ലാനിംഗ് ബോർഡ് യോഗത്തിൽ പറഞ്ഞിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഓർമ്മിപ്പിച്ചു.

റസ്റ്റ് ഹൗസുകളിൽ കരാർ ജോലിക്കാരില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് താൽക്കാലിക ജീവനക്കാരുണ്ടെന്നും പക്ഷേ അവരാരും ക്വാളിഫൈഡല്ലാത്തതിനാൽ റസ്റ്റ് ഹൗസുകളിൽ ക്വാളിറ്റി മെയിന്റയിൻ ചെയ്യാൻ സാധിക്കുന്നില്ലെന്നും ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) സമിതിയെ അറിയിച്ചു.

30 വർഷത്തേക്ക് 3 റസ്റ്റ് ഹൗസുകൾ ലീസിനു കൊടുത്തത് തിരിച്ചുപിടിക്കുന്നതിനാവശ്യമായ നിയമനടപടി സ്വീകരിക്കാൻ സമർത്ഥരായ വക്കീലൻമാരെ നിയോഗിക്കണമെന്നഭിപ്രായപ്പെട്ട സമിതി മൂന്നു റസ്റ്റ്ഹൗസുകൾ മാത്രം ലീസിനു കൊടുത്തതിന്റെ കാരണമെന്താണെന്നും ഇത് സംബന്ധിച്ച് ഫയലുകളോ കോടതിവിധിയോ റിപ്പോർട്ടോ ലഭ്യമാണോയെന്ന് ആരാഞ്ഞതിന് ഫയൽ ഉണ്ടാകുമെന്നും മൂന്ന് റസ്റ്റ് ഹൗസുകൾ പരീക്ഷണാടിസ്ഥാനത്തിലാണ് ലീസിനു നൽകിയതെന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നും ഗവൺമെന്റ് റസ്റ്റ് ഹൗസുകൾ സ്വകാര്യവ്യക്തികൾക്ക് ലീസിന് നൽകിയതിന്റെ കാരണമെന്താണെന്നും ആലുവ, മൂന്നാർ എന്നിവിടങ്ങളിലുള്ളത് വളരെ പ്രധാനപ്പെട്ട റസ്റ്റ് ഹൗസുകളാണെന്നും

ശബരിമല ഗവൺമെന്റ് റസ്റ്റ്ഹൗസും സ്വകാര്യ വ്യക്തികൾ കയ്യടക്കിയിരിക്കുകയാണെന്നും ക്യാബിനറ്റിന്റെ തീരുമാനപ്രകാരമാണോ ഇവ ലീസിനു നൽകിയതെന്നും വിശദമായി പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു. റസ്റ്റ് ഹൗസുകളിൽ നിന്നും ഗവൺമെന്റിനും സ്വകാര്യ വ്യക്തികൾക്കും ലഭിച്ച വരുമാനം സംബന്ധിച്ചും സ്വകാര്യ വ്യക്തികൾ അവിടെ പുതിയ കൺസ്ട്രക്ഷൻ വർക്കുകൾ നടത്തിയിട്ടുണ്ടോ എന്നതു സംബന്ധിച്ചും അന്വേഷണം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

പാട്ടത്തിന് നൽകിയ സ്ഥലത്ത് പുതിയ കൺസ്ട്രക്ഷന് പി.ഡബ്ല്യു.ഡി. അനുവാദം നൽകിയിട്ടുണ്ടെങ്കിൽ അത് അതീവ ഗുരുതരമായ പ്രശ്നമാണെന്നും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു സ്വകാര്യ കെട്ടിടം നിർമ്മിക്കണമെങ്കിൽ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ കോർപ്പറേഷന്റെയോ അനുവാദം വേണമെന്നും അത് ലഭിച്ചിട്ടുണ്ടാകില്ലെന്നും സമിതി നിരീക്ഷിച്ചു. 2014-ൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗവുമായി ബന്ധപ്പെട്ട ചർച്ചയിലെടുത്ത തീരുമാനങ്ങളൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ലെന്നും റസ്റ്റ് ഹൗസ് ജീവനക്കാരുടെ പരിശീലനത്തിനായി ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് ഒപ്പുവയ്ക്കുക മാത്രമാണ് ഇതുവരെ ചെയ്തിട്ടുള്ളതെന്നും റസ്റ്റ് ഹൗസുകളിലെ ക്യാന്റീൻ കുടുംബശ്രീയെ ഏൽപ്പിക്കാതെ ടെണ്ടർ വിളിക്കണമെന്ന തീരുമാനവും നടപ്പാക്കിയിട്ടില്ലെന്നും നല്ലരീതിയിൽ പ്രവർത്തിക്കുന്ന റസ്റ്റ് ഹൗസുകളും മോശപ്പെട്ടവയുമുണ്ടെന്നും റസ്റ്റ് ഹൗസുകളിലെ ഹോസ്പിറ്റാലിറ്റി വളരെ മോശമാണെന്നും അഭിപ്രായപ്പെട്ട സമിതി സ്ഥലത്തിന്റെ പ്രാധാന്യവും മുറികളുടെ എണ്ണവും കണക്കിലെടുത്ത് റസ്റ്റ് ഹൗസുകളെ രണ്ട് ക്ലാസ്സുകളായി തിരിച്ചാൽ മതിയാകുമെന്നും ക്ലാസ് 3-ന്റെ ആവശ്യമില്ലെന്നും ജില്ലാ റസ്റ്റ് ഹൗസുകളും തിരുവല്ല, മൂന്നാർ, ആലുവ പോലുള്ള സുപ്രധാനമായ സ്ഥലങ്ങളിലെ റസ്റ്റ് ഹൗസുകളും പരിശോധിച്ച് രണ്ട് ക്ലാസുകളായി തിരിക്കാൻ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെയും ചീഫ് എഞ്ചിനീയറെയും ചുമതലപ്പെടുത്തി. എല്ലാ റസ്റ്റ് ഹൗസുകളിലും ജീവനക്കാരുണ്ടാകണമെന്നും സ്ഥിരമല്ലാത്ത മുഴുവൻ തസ്തികകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തണമെന്നും റസ്റ്റ് ഹൗസുകളിലെ താല്ക്കാലിക ജീവനക്കാരെ മുഴുവൻ പിരിച്ചുവിടണമെന്നും ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്കാവശ്യമായ ക്വാളിഫിക്കേഷൻ റസ്റ്റ് ഹൗസിലെ ജീവനക്കാർക്കും ഉണ്ടായിരിക്കണമെന്നും ഹോസ്പിറ്റാലിറ്റിയുമായി ബന്ധപ്പെട്ട പലതരം സർട്ടിഫിക്കറ്റുകളുണ്ടെന്നും അത്തരം യോഗ്യതയുള്ളവരെ നിയമിക്കണമെന്നും റസ്റ്റ് ഹൗസുകളിലെ റൂം ബുക്കിംഗ് ഗവ. ഗസ്റ്റ് ഹൗസുകളിലെപ്പോലെയാക്കണമെന്നും അഭിപ്രായപ്പെട്ട സമിതി മിക്ക റസ്റ്റ് ഹൗസുകളിലും ഒക്യുപ്പേഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ റൂം എടുക്കുന്നവരുടെ പേര് രേഖപ്പെടുത്തുകയോ ചെയ്യാതെ കാശ് വാങ്ങി റൂം നൽകുകയാണ് ചെയ്യുന്നതെന്നും വിലയിരുത്തി.

പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവിടങ്ങളിൽ നിന്നല്ലാതെ ആരെയും ജോലിക്ക് നിയമിക്കാൻ പാടില്ലെന്നും മൂന്നു മാസത്തിനുള്ളിൽ അംഗീകരിക്കപ്പെട്ട എല്ലാ തസ്തികകളിലും പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

റസ്റ്റ് ഹൗസുകളിലെ കുടുംബശ്രീ കാന്റീനിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നും ടെൻഡർ സംവിധാനത്തിലൂടെ മാത്രം കാന്റീൻ നടത്തിപ്പുകാരെ തെരഞ്ഞെടുക്കുകയും വരുമാനത്തിനനുസരിച്ച് വാടക ഫിക്സ് ചെയ്യുകയും വേണമെന്നും സാധ്യമായ എല്ലാ സ്ഥലത്തും കാന്റീൻ സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് റസ്റ്റ് ഹൗസ് അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക വർദ്ധിപ്പിക്കേണ്ടതാവശ്യമാണെന്നും പല റസ്റ്റ് ഹൗസുകളുടെയും പരിസരം വൃത്തിയായി സൂക്ഷിക്കുന്നില്ലെന്നും എല്ലാ റസ്റ്റ് ഹൗസ് കോമ്പൗണ്ടും അളന്ന് തിട്ടപ്പെടുത്തി വേലി കെട്ടുകയും വൃത്തിയാക്കുകയും വേണമെന്നും അടിയന്തര അറ്റകുറ്റപ്പണികൾക്ക് ആവശ്യപ്പെട്ട 25,000 രൂപ അപര്യാപ്തമാണെന്നും അതുകൊണ്ട് ഓരോ ജില്ലയിലെയും റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഒരു ലക്ഷം രൂപയെങ്കിലും അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കണമെന്നും ഇതിനായി ക്ലാസ് 1 റസ്റ്റ് ഹൗസുകൾക്ക് ഒരു ലക്ഷം രൂപയും ക്ലാസ് 2-ന് 50,000 രൂപയും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. റസ്റ്റ് ഹൗസുകളിൽ ഫ്രണ്ട് ഓഫീസ്/റിസപ്ഷൻ സംവിധാനത്തിന് പ്രത്യേക മുറികൾ നിർമ്മിക്കണമെന്നും ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലുള്ളതുപോലെ റസ്റ്റ് ഹൗസിലെ ജീവനക്കാർക്കും യൂണിഫോമും തിരിച്ചറിയൽ കാർഡും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഒക്യുപ്പേഷൻ രജിസ്റ്റർ, ക്യാഷ് ബിൽ രജിസ്റ്റർ, അസറ്റ് രജിസ്റ്റർ എന്നിവ റസ്റ്റ് ഹൗസുകളിൽ ഉണ്ടായിരിക്കണമെന്നും ഇവയുടെ ഫോമിന്റെ മാതൃക റസ്റ്റ് ഹൗസുകളെ ഏൽപ്പിക്കുകയോ ഫോം പ്രിന്റ് ചെയ്ത് കൊടുക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. റസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ള പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 15 കോടി രൂപ അപര്യാപ്തമായതിനാൽ 500 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചിട്ടില്ലെന്നും റസ്റ്റ് ഹൗസുകളിലെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. യുടെ കീഴിൽത്തന്നെ പ്രത്യേക സംവിധാനമുണ്ടാകണമെന്നും സമിതി ആവശ്യപ്പെട്ടു.

റസ്റ്റ് ഹൗസുകൾ മോണിറ്റർ ചെയ്യുന്നതിനായി ഓരോ ജില്ലയിലും ഒരു എ. ഇ. യുടെ തസ്തിക സൃഷ്ടിക്കണമെന്ന് ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്) ആവശ്യപ്പെട്ടു.

2014-15 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 120 "5056-00-102-99" എന്ന ശീർഷകത്തിൽ വകയിരുത്തിയ 10 കോടി രൂപ ചെലവഴിക്കാതിരുന്നതിന്റെ വിശദീകരണം

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ നിലവിലുള്ള സ്ലീപ്പ് വേയിൽ താരതമ്യേന ചെറിയ ജലവാഹനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും മാത്രമെ നടത്താൻ സാധിക്കുകയുള്ളുവെന്നതിനാൽ കുറച്ചുകൂടി വലിയ ജലവാഹനങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായുള്ള ഒരു ഡ്രൈഡോക്ക് നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടായിരുന്നെന്നും ഇതിലേക്കായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിരുന്നെന്നും ഈ പദ്ധതി നടപ്പിലാക്കുന്നതിന് കൊടുങ്ങല്ലൂരിന് സമീപം അഴീക്കോട് തുറമുഖ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലമാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്നാൽ ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ കിറ്റ്കോ പ്രസ്തുത സ്ഥലം ഇക്കണോമിക്കലി വയബിളല്ലെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായെന്നും പകരം കൊല്ലം ജില്ലയിൽ ഏകദേശം 70 കോടി രൂപ ചെലവ് വരുന്ന ഒരു ഫ്ലോട്ടിംഗ് ഡ്രൈഡോക്ക് ആണ് ശിപാർശ ചെയ്തതെന്നും തുടർന്ന് ഡ്രൈഡോക്കിന് അനുയോജ്യമായ സ്ഥലത്തിനുവേണ്ടി കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ ഭാഗങ്ങളിൽ അന്വേഷണം നടത്തിയെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ലെന്നും അതുകൊണ്ടാണ് ഈ തുക ചെലവഴിക്കാൻ സാധിക്കാതിരുന്നതെന്നും ജലവിഭവം & കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡ്രൈഡോക്ക് നിർമ്മാണത്തിന് 5 ഏക്കർ സ്ഥലം ആവശ്യമാണെന്ന് സമിതിയുടെ ചോദ്യത്തിനു മറുപടിയായി സെക്രട്ടറി അറിയിച്ചു.

അഴീക്കോട് തുറമുഖം ഡ്രൈഡോക്ക് നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് പറയുന്നത് ശരിയല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ആലപ്പുഴ ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ സ്ഥലമുണ്ടെന്നും പ്രസ്തുത സ്ഥലം ഇതിന് അനുയോജ്യമാണോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ആയത് പരിശോധിക്കാമെന്നും 500 ടൺ വരെ കപ്പാസിറ്റിയുള്ള പ്ലാന്റായതുകൊണ്ട് ഡ്രൈഡോക്കിനുവേണ്ടി 5 ഏക്കർ സ്ഥലമാണ് കിറ്റ്കോ ആവശ്യപ്പെടുന്നതെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു.

സമിതി രാവിലെ 11.55-ന് യോഗം പിരിഞ്ഞു.

## 20-12-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ഡിസംബർ 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക്, നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ബഹു. സമിതി ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
3. ശ്രീ. വി. ആർ. സുനിൽകുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. അനിൽ കാന്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ
4. ശ്രീ. കെ. എസ്. മധുസൂധനൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. എം. അച്ചൻ കുഞ്ഞ്, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
6. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
7. ശ്രീ. ഷിബു ഐസക്, ജോയിന്റ് സെക്രട്ടറി/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
8. ശ്രീമതി ജെസ്സി ജോർജ്, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

9. ശ്രീ. ഇ. കെ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

10. ശ്രീ. എം. എം. ജീവരാജ്, ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

11. ശ്രീ. പി. ജി. സുരേഷ്, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

12. ശ്രീമതി എം. പെണ്ണമ്മ, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്

13. ശ്രീ. ജെ. രവീന്ദ്രൻ, ജനറൽ മാനേജർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേൻ കേരള ലിമിറ്റഡ്

14. ശ്രീ. എം. നസീം, ഡെപ്യൂട്ടി സെക്രട്ടറി, ഗതാഗത വകുപ്പ്

15. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

16. ശ്രീ. പി. ജെ. ജോസഫ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

17. ശ്രീ. കെ. ബി. മനോഹരൻ, സീനിയർ ഫിനാൻസ് ഓഫീസർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ് 18. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്

19. ശ്രീ. പി. റ്റി. ജോയി, അണ്ടർ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

20. ശ്രീ. ഒ. എ. മാത്യു, സീനിയർ സൂപ്രണ്ട്, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

21. ശ്രീ. എം. ഗോപൻ, സൂപ്രണ്ട്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

സമിതി, 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും സമിതി ശിപാർശകളിലും നിർദ്ദേശങ്ങളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകളും പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു

1. 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസുമായി ബന്ധപ്പെട്ട ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട്.
(ഫയൽ നമ്പർ 4076/സബ്.സി.എ 2/2015/നി.സെ.)

നടപടിക്രമങ്ങൾ പാലിക്കാതെ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അഞ്ച് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയെന്നും അതിൽ ഒരാൾ സർവ്വീസിൽനിന്നും വിരമിച്ചുവെന്നും ബാക്കി നാല് പേർ സർവ്വീസിൽ തുടരുന്നുവെന്നും ഇത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി നൽകി.

തസ്തികമാറ്റംവഴി നിയമിതരായവരെ തരംതാഴ്ത്തണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കിയോയെന്ന് സമിതി ആരാഞ്ഞതിന് സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രസ്തുത നിയമനം നിയമപരമായി നിലനിൽക്കുന്നതല്ലെന്നാണ് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൽ പറയുന്നതെന്നും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമിതരായവരെ തരംതാഴ്ത്തുകയും നിയമപരമായ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം അവരെ റീ-അപ്പോയിന്റ് ചെയ്തതായും ജോയിന്റ് സെക്രട്ടറി & സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് അറിയിച്ച മേൽ വിശദീകരണം സമിതിക്ക് ആശയക്കുഴപ്പമുണ്ടാക്കിയെന്നും ആയത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറി പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു.

അഞ്ച് ജീവനക്കാരെ തസ്തികമാറ്റം വഴി നിയമിക്കുകയും നാല് ജീവനക്കാരെ മാത്രം തരംതാഴ്ത്തുകയും ചെയ്തതിന്റെ കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത സമയത്ത് അഞ്ചാമത്തെയാളെ നിയമിച്ചിരുന്നില്ലായെന്നും സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം 3-6-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീ. പി. ജിനചന്ദ്രനെ നിയമിച്ചതെന്നും ജോയിന്റ് സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് വിശദീകരിച്ചു.

നിയമവിരുദ്ധമായ നിയമനത്തിലൂടെ ഗതാഗതവകുപ്പ് നിയമലംഘനവും കടുത്ത അഴിമതിയും നടത്തിയിരിക്കുകയാണെന്നും കോടതി നിർദ്ദേശത്തെ മറികടക്കാൻ വകുപ്പിന് അധികാരമില്ലെന്നും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കാതെ സ്പെഷ്യൽ റൂൾ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ച് നിയമനം നടത്തിയിരിക്കുന്നത് അനധികൃതമാണെന്നും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരമില്ലാത്ത പ്രസ്തുത വിജ്ഞാപനം നിലനിൽക്കാത്തതിനാൽ അതിൻപ്രകാരം നടത്തിയ നിയമനങ്ങൾ അസാധുവാകുമെന്നും സമിതി വിലയിരുത്തി. ക്രമാനുസൃതമല്ലാത്ത നിയമനമാണെന്ന ബഹുമാനപ്പെട്ട കോടതിവിധിക്കുശേഷവും അത് പാലിക്കാതെ നിയമനം നടത്തിയവർക്കെതിരെ നടപടി

സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ച വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും അത് പ്രകാരം നിയമനം ലഭിച്ച എല്ലാ ഉദ്യോഗസ്ഥരെയും തരംതാഴ്ത്തണമെന്നും സമിതി ശിപാർശ ചെയ്തു. അനധികൃതമായി നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിയമാനുസൃതം തിരിച്ചുപിടിക്കണമെന്നും റിട്ടയർ ചെയ്തവരുണ്ടെങ്കിൽ അവരുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കണമെന്നും ഇതിന്മേൽ വകുപ്പ് കൈക്കൊണ്ട നടപടികൾ അടുത്ത യോഗത്തിൽ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഇഷ്ടക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനായി നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനം നടത്തിയത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി വിജിലൻസ് അല്ലാതെ വകുപ്പിനകത്ത് മറ്റ് ഏതെങ്കിലും സംവിധാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഭരണ സംബന്ധമായ കാര്യങ്ങൾ പി&എ.ആർ.ഡി.യുടെ ഇൻസ്പെക്ഷൻ വിംഗും ധനപരമായ ക്രമക്കേടുകൾ ധനകാര്യവകുപ്പിലെ ഇൻസ്പെക്ഷൻ വിംഗുമാണ് അന്വേഷിക്കുന്നതെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

നിയമ വിരുദ്ധമായ നടപടികളാണ് ഈ വിഷയത്തിൽ നടന്നിട്ടുള്ളത് എന്നതിനാൽ നിയമവകുപ്പിന്റെ അഭിപ്രായത്തോടെ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ ഉത്തരവുപ്രകാരം അപ്പോയിന്റ് ചെയ്തവരെ കോടതി വിധി വന്നപ്പോൾ പിരിച്ചുവിടുകയും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ റൂൾ അമെന്റ് ചെയ്തതിനുശേഷം വീണ്ടും അപ്പോയിന്റ് ചെയ്തുവെന്നും നിയമവകുപ്പ് വ്യക്തമാക്കി.

II. സമിതിയുടെ 2016-17, 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ

i . ഫയൽ നമ്പർ 4509/സബ്സി.എ.2/2016/നി.സെ.

ഗതാഗതവകുപ്പിന്റെ ശിപാർശ നമ്പർ 115. 129 എന്നിവ സമിതി അംഗീകരിച്ചു.

ii. ഫയൽ നമ്പർ 4540/സബ്സി.എ.2/2017/നി.സെ.

മത്സ്യബന്ധനവും തുറമുഖവും വകുപ്പിന്റെ ശിപാർശ നമ്പർ 100, 101, 102, 103, 104 എന്നിവയും, ഗതാഗത വകുപ്പിന്റെ 126-ാം നമ്പർ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റും സമിതി അംഗീകരിച്ചു.

III. സമിതിയുടെ 20-9-2016-ലെ യോഗനിർദ്ദേശങ്ങളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 4221/സബ്.സി.എ 2/2016/നി.സെ.)

ശിപാർശ നമ്പർ 3 മുതൽ 69 വരെയുള്ളവയിൽ അധിക തുക ആവശ്യമില്ലാത്തത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിക്കുകയും തുടർന്ന് ശിപാർശ നം. 69 ൽ തീരദേശ ഹൈവേയ്ക്കുവേണ്ടി തുകയൊന്നും ചെലവഴിക്കാത്തതിനാൽ അധികതുക ആവശ്യമില്ലെന്ന് അറിയിച്ചതിനെ കുറിച്ച് സമിതി ആരായുകയും ചെയ്തു. നാറ്റ് പാക്കുമായി ചേർന്ന് തയ്യാറാക്കിയ അലൈൻമെന്റിൽ പ്രസ്തുത തീരദേശഹൈവേയുടെ വികസന പ്രവർത്തനങ്ങളും ഉൾപ്പെടുത്തുന്നുണ്ടെന്നും അതുകൊണ്ട് 7 കോടി രൂപ അധികമായി അനുവദിക്കേണ്ടതില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് അഭിപ്രായപ്പെട്ടു.

കൊടുങ്ങല്ലൂരിൽ എത്തിനിൽക്കുന്ന നാലുവരി പാതയും വടക്ക് ഭാഗത്തെ തീരദേശ ഹൈവേയും ഈ അലൈൻമെന്റിന്റെ ഭാഗമാണോ അതോ കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ ചെയ്യുന്നതെന്ന സമിതിയുടെ ചോദ്യത്തിന് തീരദേശ ഹൈവേയുടെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും കിഫ്ബിയിൽ ഉൾപ്പെടുത്തി മൂന്ന് ഘട്ടങ്ങളായിട്ടാണ് ചെയ്യുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

അധികമായി ആവശ്യപ്പെട്ട തുക ഇത്തരം വർക്കുകൾക്ക് ഉപയോഗിക്കാമായിരുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ഇപ്പോൾ ആ വർക്കുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നതായും തുക അനുവദിക്കാൻ കാലതാമസമുണ്ടാകില്ലായെന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ മറുപടി നൽകി. ശിപാർശ നമ്പർ 81 പ്രകാരം കഞ്ഞിപ്പള്ളി, അങ്ങാടിപ്പുറം, എത്രൂർ, ഫറൂക്ക് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 49 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെന്നും അങ്ങാടിപ്പുറം, എത്രൂർ എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തിയാക്കി ഗതാഗതത്തിനായി തുറന്നുകൊടുത്തെന്നും കഞ്ഞിപ്പള്ളി റെയിൽവേ മേൽപ്പാലത്തിന്റെ പണി പകുതിയോളം പൂർത്തിയാക്കിയെന്നും എൻ. എച്ച്.-ന്റെ സൈഡിലുള്ള കുറച്ചുസ്ഥലം കഴിഞ്ഞ മാസമാണ് കിട്ടിയതെന്നും അവിടത്തെ പണി ഉടനെ ആരംഭിക്കുന്നതാണെന്നും ഫറൂക്ക് റെയിൽവേ മേൽപ്പാലത്തിനുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും ഇനി നാല് വ്യക്തികളുടെ പ്ലോട്ട്കൂടി ലഭിക്കാനുണ്ടെന്നും അതു കൂടി ലഭിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനകം പണി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പൊതുമരാമത്ത് വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ശിപാർശ നമ്പർ 83 പ്രകാരം കരിങ്ങാച്ചിറ മുതൽ കളമശ്ശേരി വരെയുള്ള 2 ലൈൻ സീപോർട്ട് എയർപോർട്ട് റോഡ് നാലുവരിയാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആദ്യഘട്ടത്തിൽ 30 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 48 കോടി രൂപയുമാണ് ആവശ്യപ്പെട്ടതെന്നും ഒന്നാം ഘട്ടത്തിൽ എച്ച് എം റ്റി മുതൽ ഭാരത് മാതാ കോളേജ് വരെയുള്ള

ഭാഗം നാലുവരിയാക്കുന്ന വർക്ക് പൂർത്തിയായെന്നും ഭാരത്മാതാ കോളേജ് മുതൽ ഇരുമ്പനം വരെയുള്ള റോഡിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതായും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു ഇതു സംബന്ധിച്ച് എറണാകുളത്തു വച്ച് നടന്ന അവലോകന യോഗത്തിലെടുത്ത തീരുമാനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ലെന്നും ആകെ ചെയ്ത വർക്ക് ചൊവ്വരയിലെ പാലം തുറന്നത് മാത്രമാണെന്നും സമിതി അഭിപ്രായപ്പെട്ടു

ഒന്നാം ഘട്ടത്തിൽ വരുന്ന 8.6 കിലോ മീറ്റർ റോഡു കൂടി നാലുവരിയാക്കുന്ന പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യണമെന്ന് അവലോകന യോഗത്തിൽ ബഹു. പൊതുമരാമത്ത് വകുപ്പ്മന്ത്രി നിർദ്ദേശിച്ചതനുസരിച്ചുള്ള ഡി.പി.ആർ. പത്ത് ദിവസത്തിനകം പൂർത്തിയാക്കുമെന്നും എച്ച്. എം. റ്റി. യുടെയും നേവിയുടെയും സ്ഥലം ലഭിച്ചിട്ടില്ലാത്തതിനാൽ വർക്ക് മന്ദഗതിയിലാണ് നടക്കുന്നതെന്നും മഹിളാലയം മുതൽ ചൊവ്വര വരെയുള്ള വർക്ക് പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ടെന്നും മഹിളാലയം മുതൽ അശോകപുരം വരെയുള്ള റോഡിന്റെ വർക്കിന് കിഫ്ബിയിൽ അനുവദിച്ച 50 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിട്ടുണ്ടെന്നും ബാക്കി എയർപോർട്ട് വരെയുള്ള റോഡിന്റെ വർക്കിന് ഡി.പി.ആർ. തയ്യാറാക്കി വരുന്നതായും ജനറൽ മാനേജർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് വിശദീകരിച്ചു

ശിപാർശ നമ്പർ 84 പ്രകാരം അനുവദിച്ച തുക പര്യാപ്തമായതിനാൽ അധികതുകയുടെ ആവശ്യമില്ലായെന്നും ശിപാർശ നമ്പർ 85 പ്രകാരം 3 കോടി രൂപ അധികമായി ആവശ്യപ്പെട്ടതായും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു തുക അനുവദിക്കാത്തതുമൂലം പൊതുമരാമത്ത് വകുപ്പിന് ഫണ്ട് ചെലവഴിക്കാൻ സാധിക്കുന്നില്ലെന്നും അതുകൊണ്ട് പണം അധികമാണെന്നു പറയുന്നത് അംഗീകരിക്കാൻ കഴിയാത്തതാണെന്നും സമിതി വിലയിരുത്തി. വേണ്ട രീതിയിൽ പഠനം നടത്താതെയാണ് അധിക തുക ആവശ്യപ്പെട്ടതെന്നും ശിപാർശ പ്രകാരം ആവശ്യപ്പെട്ട തുക വേണ്ടെന്ന് പറയുമ്പോൾ വർക്കുകൾ നടന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. വർക്കുകൾ നടന്നിട്ടുണ്ടെങ്കിൽ അതിന് ചെലവഴിച്ച പണം ലഭിച്ചത് എവിടെ നിന്നാണെന്നും ആയതിന് ചെലവഴിക്കാൻ ബന്ധപ്പെട്ട മന്ത്രിയുടെയോ സെക്രട്ടറിയുടെയോ അനുവാദം ലഭിച്ചിട്ടുണ്ടോയെന്നും സമിതി ആരായുകയും ടി റിപ്പോർട്ട് വസ്തുതാവിരുദ്ധമായതിനാൽ സ്വീകാര്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

അധികം തുക ആവശ്യപ്പെട്ടത് എന്തിനാണെന്നും ആ തുക ആവശ്യപ്പെട്ടതിനുശേഷം പ്രസ്തുത ആവശ്യം നടപ്പിലായോയെന്നും നടപ്പിലായെങ്കിൽ അതിനുള്ള പണം എവിടെ നിന്നും കണ്ടെത്തി, അതിന് ബന്ധപ്പെട്ട മന്ത്രിയോ സെക്രട്ടറിയോ ചീഫ് എഞ്ചിനീയറോ ശിപാർശ ചെയ്തിട്ടുണ്ടോയെന്നും യഥാർത്ഥത്തിൽ ഈ പണം കൊണ്ട് ചെയ്യാനുദ്ദേശിച്ച വർക്ക് ചെയ്തിട്ടുണ്ടോയെന്നതും സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചു

IV. സമിതിയുടെ 26-7-2016-ലെ യോഗനിർദ്ദേശങ്ങളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ : 5616/സബ്.സി.എ 2/2016/നി.സെ.)

തീരദേശ ഹൈവേയുടെ പ്രോജക്ടുകൾ അപ്രൂവ് ചെയ്തിട്ടുണ്ടെങ്കിലും മലയോര ഹൈവേയിൽ കൊല്ലത്തെ ഒരു പ്രോജക്ട് മാത്രമേ അപ്രൂവ് ചെയ്തിട്ടുള്ളുവെന്നും ബാക്കിയുള്ളതെല്ലാം ടെക്നിക്കൽ ഡിഫക്ടിന്റെ പേരിൽ തള്ളിയിരിക്കുകയാണെന്നും സമിതി നിരീക്ഷിച്ചു. പ്രോജക്ടുകൾ സ്ക്രൂട്ടിണൈസ് ചെയ്യാൻ ചീഫ് എഞ്ചിനീയർ ചെയർമാനായ സ്പെഷ്യൽ കമ്മിറ്റിയുണ്ടെന്നും ആയത് ശരിയാക്കി എത്രയും പെട്ടെന്ന് കിഫ്ബിയിൽ സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആയത് ചെയ്യാമെന്ന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

V. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ 2014-15 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്- അനന്തരനടപടികൾ സംബന്ധിച്ച്.

(ഫയൽ നമ്പർ : 3458/സബ്.സി.എ 2/2014/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലഭ്യമാക്കാമെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി അറിയിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 1.05-ന് പിരിഞ്ഞു.

## 14-2-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 ഫെബ്രുവരി 14-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '4A' സമ്മേളന ഹാളിൽ ബഹു. സമിതി ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
4. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. എച്ച്. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. എച്ച്. ദിനേശൻ, ഡയറക്ടർ, തുറമുഖ വകുപ്പ്
4. ശ്രീ. കെ. പി. പ്രഭാകരൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്
5. ശ്രീ. ഇ. കെ. ഹൈദ്രു, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
6. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
7. ശ്രീ. എം. എം. ജീവരാജ്, ചീഫ് എഞ്ചിനീയർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്
8. ശ്രീ. ഡി. ഹരിലാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. പി. ജി. സുരേഷ്, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്
10. ശ്രീമതി. കെ. ആർ. മധുമതി, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്
11. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
12. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്

13. ശ്രീ. പി. ആർ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്

14. ശ്രീ. പി. എ. ഹാഷിം, മാനേജിംഗ് ഡയറക്ടർ, ആശ്വാസ് പബ്ലിക് അമിനിറ്റിസ് കേരള ലിമിറ്റഡ്

15. ശ്രീ. ബി. കെ. രാജേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

16. ശ്രീമതി എൻ. ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീമതി ജസ്സി ജോർജ്, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്

18. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗ്

19. ശ്രീ. ജെ. രവീന്ദ്രൻ, ജനറൽ മാനേജർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്

20. ശ്രീമതി കെ. ആർ. വിനോദിനി, ഡെപ്യൂട്ടി ഡയറക്ടർ, തുറമുഖ വകുപ്പ്

21. ശ്രീ. സിബി ജെ. പുല്ലോപ്പിള്ളിൽ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്

22. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

23. ശ്രീ. കെ. സി. മനോഹരൻ, സീനിയർ ഫിനാൻസ്ഓഫീസർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

24. ശ്രീ. എം. ആർ, വഹീദ്, ഫിനാൻസ് ഓഫീസർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്

25. ശ്രീ. എം. എസ്. ഷാജി, ഫിനാൻസ് ഓഫീസർ, തുറമുഖ വകുപ്പ്.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തുകയും ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിന് കീഴിലെ 2059, 4059 എന്നീ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ നോൺ പ്ലാൻ ശീർഷകത്തിൽ 44 കോടി രൂപയും പ്ലാൻ ശീർഷകത്തിൽ 268 കോടി രൂപയുമുൾപ്പെടെ ആകെ 312 കോടി രൂപ അധികമായി അനുവദിക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടു.

2059-01-051—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം (നോൺ പ്ലാൻ)

കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികതി, രജിസ്ട്രേഷൻ, വില്പനനികതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-01-053—പൊതുമരാമത്ത്—ഓഫീസ് കെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണികളും (നോൺ പ്ലാൻ)

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-051 — പൊതുമരാമത്ത്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം (നോൺ പ്ലാൻ)

വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട വർക്കുകൾക്ക് ആവശ്യം വരുന്ന തുക ഈ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നീതിന്യായ നിർവ്വഹണം, ഭൂനികതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികതി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾ, കേരളാഹൗസ് ന്യൂഡൽഹിയിലെ പണികൾ എന്നിവയും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-053—പൊതുമരാമത്ത്—മറ്റുകെട്ടിടങ്ങൾ—സംരക്ഷണവും അറ്റകുറ്റപണികളും (നോൺ പ്ലാൻ)

നീതിന്യായ നിർവ്വഹണം, ഭൂനികതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും

തിരുവനന്തപുരം നഗരത്തിലുള്ള മറ്റ് സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-99 (01)—<u>പൊതുമരാമത്ത്—ജനറൽ—ഭരണവും നടത്തിപ്പും—നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)</u>

(02)—<u>നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്) (നോൺ പ്ലാൻ)</u>

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടൂർ റ്റി.എ, പി.ഒ.എൽ, മറ്റ് ഇനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയിൽ 29.34 ലക്ഷം രൂപയും, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളവും എന്ന ശീർഷകത്തിൽ 42.21 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-98—<u>പൊതുമരാമത്ത്—ജനറൽ—ഭരണവും നടത്തിപ്പും—മേൽനോട്ടം</u>

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ, പി.ഒ.എൽ മറ്റ് ഇനങ്ങൾ എന്നിവയ്ക്കായും ജുഡീഷ്യൽ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പുതിയ വാഹനം വാങ്ങുന്നതിലേയ്ക്കും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.82 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-001-97—<u>പൊതുമരാമത്ത്—ജനറൽ—ഭരണവും നടത്തിപ്പും—നിർവ്വഹണം (നോൺ പ്ലാൻ)</u>

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 21 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അവധി യാത്രാ ആനുകൂല്യം, ടെലഫോൺ ചെലവ്, മോട്ടോർ

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ എന്നിവയ്ക്കായി 36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059 -80-052—<u>പൊതുമരാമത്ത് —ജനറൽ—യന്ത്രോപകരണങ്ങൾ (നോൺ പ്ലാൻ)</u>

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപണികൾ മുതലായവയ്ക്കായി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-053—<u>പൊതുമരാമത്ത്—ജനറൽ—സംരക്ഷണവുംഅറ്റകുറ്റപ്പണികളും (നോൺ പ്ലാൻ)</u>

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും, രാജ്ഭവൻ സജ്ജീകരിക്കലും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, സെക്രട്ടേറിയറ്റിന്റെ സംരക്ഷണം, കേരള ഹൗസ്, ന്യൂഡൽഹിയിലെ പണികൾ ചെയ്തു തീർക്കുന്നതിലേയ്ക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-99—<u>പൊതുമരാമത്ത് മൂലധനചെലവ് —ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം— സംസ്ഥാന നിയമസഭ (പ്ലാൻ)</u>

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-98—<u>പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം— നീതിന്യായനിർവ്വഹണം (പ്ലാൻ)</u>

ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണപണികൾക്കായി 1.40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കോടതിയുടെ അടിയന്തര ആവശ്യങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും കോടതിയുടെ പ്രതിനിധികളും ചർച്ച നടത്തി ആവശ്യമായ പരിഹാരം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4059-01-051-97—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം—ഇലക്ഷൻ (പ്ലാൻ)

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം —ഭൂനികതി—വൻകിട മരാമത്തു പണികൾ (പ്ലാൻ)

ഭൂനികതിവകപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വിവിധ താലൂക്ക് റവന്യൂ ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-95-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം—മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ (പ്ലാൻ)

രജിസ്ട്രാർ ഓഫീസുകളുടെ പല പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-94-16—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ്കെട്ടിടങ്ങൾ സ്റ്റേറ്റ് എക്സൈസ് (പ്ലാൻ)

എക്സൈസ് കോംപ്ലക്സ് ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-93-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വിൽപ്പന നികുതി—വൻകിട മരാമത്തുപണികൾ (പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സംസ്ഥാന ഖജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭ്യമാക്കുന്ന രജിസ്ട്രേഷൻ, എക്സൈസ്, വിൽപ്പന നികുതി, എന്നീ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ സ്ഥിതി ദയനീയമായതിനാൽ അവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചതുക അപര്യാപ്തമാണെന്നും ആയതിലേക്ക് കൂടുതൽ തുക വകയിരുത്തേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

4059-01-051-92-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—പബ്ലിക് സർവ്വീസ് കമ്മീഷൻ—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-91-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ്—വൻകിട മരാമത്തുപണികൾ (പ്ലാൻ)</u>

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-90-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം—ട്രഷറിയും അക്കൗണ്ടുഭരണവും—വൻകിടമരാമത്തു പണികൾ (പ്ലാൻ)</u>

ട്രഷറിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-89-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ— നിർമ്മാണം—പോലീസ്—വൻകിട മരാമത്തുപണികൾ (പ്ലാൻ)</u>

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-88-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ— നിർമ്മാണം—ജയിൽ—വൻകിടമരാമത്തുപണികൾ (പ്ലാൻ)</u>

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-87-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ— നിർമ്മാണം—സ്റ്റേഷനറിയും അച്ചടിയും—വൻകിടമരാമത്തു പണികൾ (പ്ലാൻ)</u>

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ പണികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-86-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം—പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ)— വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. പല പണികളും പുരോഗതിയിലായതിനാലും സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും പണികൾ പൂർത്തീകരിക്കാനും ഈ ശീർഷകത്തിൽ 125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-85-16—<u>പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നി പ്രതിരോധവും നിയന്ത്രണവും—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-84-16—<u>പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ— നിർമ്മാണം—പൊതുജനാരോഗ്യം—വൻകിട മരാമത്തു പണികൾ ( പ്ലാൻ)</u>

പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-83-16—<u>പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—രാജ്ഭവൻ മരാമത്തു പണികൾ (പ്ലാൻ)</u>

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-75-16—<u>പൊതുമരാമത്ത് മൂലധനച്ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വാണിജ്യ നികുതിവകുപ്പ്—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

വാണിജ്യ നികുതിവകുപ്പിന്റെ പണികൾക്കായി ഉൾപ്പെടുത്തിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 28 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജ് ഓഫീസുകൾക്കുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ വില്ലേജാഫീസുകളുടെയും റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെയും പണികൾക്കായി 7.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-71-16—പൊതുമരാമത്ത് മൂലധനചെലവ്—ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം—മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ—പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ)—വൻകിട മരാമത്തുപണികൾ (നോൺ പ്ലാൻ)

മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലെയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഏതാണ്ട് 450 കോടി രൂപ ആവശ്യമായി വരുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്തുവകുപ്പ് അഭിപ്രായപ്പെട്ടു. കെട്ടിടങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുസരിച്ച് അവയുടെ മെയിന്റനൻസിനാവശ്യമായ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നില്ലായെന്നും ആയതിനൊരു സ്റ്റഡി നടത്തി ടെക്നിക്കൽ ഫോർമുല തയ്യാറാക്കുന്നതതോടൊപ്പം ഒരു സ്റ്റാൻഡേഡ് തുക ഫിക്സ് ചെയ്തെങ്കിൽ മാത്രമേ കെട്ടിടങ്ങളെ നല്ലരീതിയിൽ നിലനിർത്താൻ സാധിക്കുകയുള്ളുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി, ഇറിഗേഷൻ വകുപ്പ് അഭിപ്രായപ്പെട്ടു.

പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെക്കാൾ പഴയ കെട്ടിടങ്ങൾ ഭംഗിയായ സൂക്ഷിക്കുന്നതാണ് നല്ലതെന്ന് അഭിപ്രായപ്പെട്ട സമിതി ധനനഷ്ടം നികത്താനും അസറ്റുകൾ പൂർണ്ണമായും സംരക്ഷിക്കാനും അതിലൂടെ ധനവിനിയോഗം കുറയ്ക്കാനും ഒരു പ്രൊഫഷണൽ സ്റ്റഡി നടത്താനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു. കൂടാതെ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ച് വിശദമായ പഠനം നടത്തി ഗവൺമെന്റ് കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു ശീർഷകം വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യു.

4059-01-051-62—പൊതുമരാമത്ത് മൂലധന ചെലവ്—ഓഫീസ് കെട്ടിടങ്ങൾ—നിർമ്മാണം—ഇലക്ട്രോണിക് പ്രവൃത്തികൾ (പ്ലാൻ)

വിവിധ ഓഫീസ് കെട്ടിടങ്ങളുടെ ഇലക്ട്രോണിക് പ്രവൃത്തികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-86—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—പൊതുമരാമത്തു പണികൾ (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ സംസ്ഥാനത്തെ വിവിധ റസ്റ്റ് ഹൗസുകളുടെയും, കെട്ടിടങ്ങളുടെയും പണികൾക്കും, കടിശ്ശിക ബില്ലുകൾ നൽകാനും 1.67 കോടി രൂപ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-85—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—അഗ്നി പ്രതിരോധവും നിയന്ത്രണവും (പ്ലാൻ)

പൊതുമരാമത്തിന്റെ അഗ്നി പ്രതിരോധവും നിയന്ത്രണവും എന്ന ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 18 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-77-16—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്കുവേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം—വൻകിട മരാമത്തു പണികൾ (കെട്ടിടങ്ങൾ) (പ്ലാൻ)

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-60-051-69—പൊതുമരാമത്ത് മൂലധനചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ജുഡീഷ്യറിയുടെഅടിസ്ഥാന സൗകര്യ വികസനം (കോടതികെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം—60 % കേന്ദ്രവിഹിതം) (പ്ലാൻ)

60% കേന്ദ്ര സഹായം ഉള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക കോടതി കെട്ടിടങ്ങളുടെ പണികൾക്കു അപര്യാപ്തമായതിനാൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-67—പൊതുമരാമത്ത് മൂലധന ചെലവ്—മറ്റ് കെട്ടിടങ്ങൾ—നിർമ്മാണം—ഇലക്ട്രോണിക് പ്രവൃത്തികൾ

കെട്ടിടങ്ങളുടെ ഇലക്ട്രോണിക് പ്രവൃത്തികൾക്കായി പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനവിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-80-051-79—പൊതുമരാമത്ത് മൂലധന ചെലവ്—ജനറൽ—നിർമ്മാണം—ജന്റർ ബഡ്ജറ്റിംഗ് (പ്ലാൻ)

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-78-16—പൊതുമരാമത്ത് മൂലധനചെലവ്—ജനറൽ—നിർമ്മാണം—സൈനിക സ്കൂൾ—വൻകിടമരാമത്തുപണികൾ (നോൺപ്ലാൻ)

സൈനിക സ്കൂളിനായി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

4059-80-051-75—<u>പൊതുമരാമത്ത് മൂലധന ചെലവ്—ജനറൽ—നിർമ്മാണം—സൂക്ഷ്മ പരിശോധന പ്രവൃത്തികൾ</u>

ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-74—<u>പൊതുമരാമത്ത് മൂലധനചെലവ്—ജനറൽ—നിർമ്മാണം—ഇലക്ട്രോണിക് പ്രവൃത്തികൾ</u>

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-001-99—<u>റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്—ഭരണവും നടത്തിപ്പും—ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ (നോൺ പ്ലാൻ)</u>

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത, അവധി യാത്രാ ആനുകൂല്യം, ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ശമ്പളം, ഓഫീസ് ചെലവുകൾ, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി 31 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ദേശീയപാത നാലുവരിയാക്കുന്നത് ത്വരിതപ്പെടുത്തുന്നതിലേക്കായി ജില്ലാടിസ്ഥാനത്തിൽ CALA (Competent Authority for Land Acquistion) ഓഫീസർമാരെ നിയമിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കാൻ സമിതി ആവശ്യപ്പെട്ടു.

3054-01-001-98—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്—ഭരണവും നടത്തിപ്പും—മേൽനോട്ടവും നിർവ്വഹണവും (നോൺ പ്ലാൻ)

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി 69 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-01-337-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്— റോഡുപണികൾ —സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-01-800-99—റോഡുകളും പാലങ്ങളും—നാഷണൽ ഹൈവേയ്സ്—മറ്റു ചെലവുകൾ—മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-03-337-98—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ (നോൺ പ്ലാൻ)

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും, റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക

പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-97—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ— റോഡുപണികൾ—ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-96—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ (നോൺ പ്ലാൻ)

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-95—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡുപണികൾ—വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ (നോൺ പ്ലാൻ)

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-94—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ—റോഡു പണികൾ—നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് (നോൺ പ്ലാൻ)

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-93—റോഡുകളും പാലങ്ങളും—സംസ്ഥാന ഹൈവേകൾ— റോഡുപണികൾ—ശബരിമല വർക്കുകൾ (നോൺപ്ലാൻ)

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും ഈ വർഷത്തെ പണി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-04-105-98—റോഡുകളും പാലങ്ങളും —ജില്ലാതല റോഡുകളും മറ്റുറോഡുകളും—സംരക്ഷണവും അറ്റകുറ്റപ്പണികളും—സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ) (നോൺപ്ലാൻ)

പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റ പണികൾക്കു വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടാനുള്ള പ്രസ്തുത ശീർഷകത്തിൽ പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് വേണ്ടി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-99—റോഡുകളുംപാലങ്ങളും-ജനറൽ—ഭരണവുംനടത്തിപ്പും—നടത്തിപ്പ് (നോൺ പ്ലാൻ)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും, കെഎസ്ടിപി ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 2 ലക്ഷം രൂപയും, പി.ഒ.എൽ ഇനത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-98—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—മേൽനോട്ടം (നോൺ പ്ലാൻ)

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും

നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 3 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-97—റോഡുകളും പാലങ്ങളും—ജനറൽ—ഭരണവും നടത്തിപ്പും—നിർവ്വഹണം (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 16 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 2 ലക്ഷം രൂപയും, ടെലിഫോൺ ചെലവിന് 10 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 10 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 12 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-99—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (നോൺ പ്ലാൻ)

ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-98—റോഡുകളും പാലങ്ങളും—ജനറൽ—ഗവേഷണവും പരിഷ്കരണവും—പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ് (നോൺ പ്ലാൻ)

ചീഫ് എഞ്ചിനീയർ ട്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവഹിക്കുന്ന ഈ ശീർഷകത്തിൽ യാത്രാബത്ത, ടെലിഫോൺ ചാർജ്ജ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി. ഒ. എൽ. ഇനത്തിൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-93—റോഡുകളും പാലങ്ങളും—ജനറൽ ഗവേഷണവുംപരിഷ്കരണവും പൊതുമരാമത്ത് വകുപ്പിൻകീഴിലെ ഇ- ഗവേണൻസ് (പ്ലാൻ)

പൊതുമരാമത്ത് വകുപ്പിനുകീഴിലെ ഇ-ഗവേണൻസിനുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായിതനാൽ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിലെ ഐ.ടി. ഉപകരണങ്ങളുടെ എ.എം.സി. അറ്റകുറ്റപ്പണികൾക്കായും ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിനുമായി 258 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-052-98—റോഡുകളും പാലങ്ങളും—ജനറൽ—യന്ത്രോപകരണങ്ങളും—വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും (നോൺപ്ലാൻ)

വാഹനങ്ങളുടെ അറ്റകുറ്റ പണികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീന്റെ നിലവിലുള്ള റിപ്പയർ ബില്ലുകൾ നൽകുന്നതിനും മറ്റുള്ള അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-107-97—റോഡുകളും പാലങ്ങളും—ജനറൽ—റെയിൽവേ സുരക്ഷിതത്വ പണികൾ—കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ (പ്ലാൻ)

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. ദക്ഷിണ റെയിൽവേയ്ക്ക് നൽകുവാനുള്ള കടിശ്ശിക കൂടി കണക്കിലെടുത്ത് നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3054-80-800-95—റോഡുകളും പാലങ്ങളും—ജനറൽ—മറ്റ് ചെലവുകൾ—റോഡ് സുരക്ഷിതത്വ പണികൾ (പ്ലാൻ)

റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഗതാഗത വകുപ്പാണ് നടപ്പിലാക്കുന്നതെന്നും എന്നാൽ റോഡുകൾ പണിയുന്നതും അവയുടെ മെയിന്റനൻസ് നടത്തുന്നതും പൊതുമരാമത്ത് വകുപ്പാണെന്നതിനാൽ റോഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണ് നടത്തേണ്ടതെന്നും റോഡുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ലഭിക്കുന്ന പണം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോയെന്നും അപകടങ്ങൾ കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാനലുകൾ തുടങ്ങിയ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ റോഡ് സുരക്ഷാ പദ്ധതികൾക്കായി 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് —നാഷണൽ ഹൈവേകൾ—റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന് (പ്ലാൻ)

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം - പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ ഉടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—റോഡു പണികൾ—ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം—വൻകിട മരാമത്തു പണികൾ (പ്ലാൻ)

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന - കളിയിക്കാവിള ദേശീയ പാതയുടെ രണ്ടാം ഘട്ടം കരമന - പ്രാവച്ചമ്പലം റോഡ് വികസനത്തിന് 162.46 കോടി രൂപയുടെ കിഫ്ബി യുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് 300 കോടി അധികമായി അനുവദിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 462.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-96—റോഡുകളും പാലങ്ങളും നാഷണൽ ഹൈവേകൾ—റോഡു പണികൾ—ദേശീയപാതയിലെ ബൈപാസ്സുകളുടെ നിർമ്മാണം (പ്ലാൻ)

പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കേണ്ടതായുണ്ട്. ദേശീയപാതാവിഭാഗത്തിൽ വരുന്ന ബൈപ്പാസുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—റോഡു പണികൾ—കൊല്ലം—ആലപ്പുഴ— ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ) (പ്ലാൻ)

കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 190 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-01-800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—ദേശീയ പാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ (പ്ലാൻ)

ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾ കൂടുതലായി ചെയ്യേണ്ടതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—നാഷണൽ ഹൈവേകൾ—മറ്റ് ചെലവുകൾ—ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം (നോൺ പ്ലാൻ)

വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—സംസ്ഥാന പാതകൾ—പാലങ്ങൾ-പാലങ്ങളുംകലുങ്കുകളും—വൻകിട മരാമത്തു പണികൾ (പ്ലാൻ)

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനും ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-03-337-98-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—സംസ്ഥാന പാതകൾ—റോഡുപണികൾ—വികസനവും പരിഷ്കരണവും—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്ക തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-99-16 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് — ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലംപണികൾ — പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2017-18 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2018-19 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-95—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്— ജില്ലാതല റോഡുകളും മറ്റ് റോഡുകളും—പാലം പണികൾ—നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം പാലങ്ങൾ (നോൺ പ്ലാൻ)</u>

വിവിധ കാരണങ്ങളാൽ പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരണത്തിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-94—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റുറോഡുകളും—പാലം പണികൾ—ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (പാലം) (നോൺ പ്ലാൻ)</u>

പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും —പാലം പണികൾ— മാന്ദ്യ—വിരുദ്ധ ഉത്തേജക പാക്കേജിൻകീഴിലുള്ള പദ്ധതികൾ —പൊതുമരാമത്തു പണികൾ (പാലങ്ങൾ) (നോൺ പ്ലാൻ)</u>

സ്റ്റേഷൻകടവ് പാലത്തിന്റെ പൂർത്തികരണത്തിനും അഴിമാവ് പാലത്തിന്റെ നിർമ്മാണത്തിനും ഈ ശീർഷകത്തിൽ 10.56 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-85—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്— ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാലം പണികൾ—പാലങ്ങളും കലുങ്കുകളും പുനർ നിർമ്മാണം (നോൺ പ്ലാൻ)</u>

പാലങ്ങളുടെയും കലുങ്കുകളുടെയും പുനർനിർമ്മാണമെന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4,000 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും—വൻകിട മരാമത്തു പണികൾ (പ്ലാൻ)</u>

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. 2017-18 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2018-19 വർഷം പുതിയ ഭരണാനുമതി നൽകാനുമായി 1100 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും മറ്റ റോഡുകളും— പാതകളുടെ പണികൾ —തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം—വൻകിട മരാമത്തു പണികൾ (പ്ലാൻ)

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്—ജില്ലാതല റോഡുകളും മറ്റു റോഡുകളും—പാതകളുടെ പണികൾ—ശബരിമല റോഡ് പ്രോജക്ട്—വൻകിട മരാമത്തു പണികൾ (പ്ലാൻ)

ശബരിമലയുടെ സമഗ്ര റോഡ് വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-80—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജില്ലാതല റോഡുകളും—മറ്റു റോഡുകളും—പാതകളുടെ പണികൾ—ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (നോൺ പ്ലാൻ)

റോഡുകളുടെയും പാലങ്ങളുടെയും ഭൂമി ഏറ്റെടുത്ത ശേഷം കോടതി വിധി പ്രകാരം നഷ്ടപരിഹാരം നൽകാൻവേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-101-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ളറോഡുകൾ—പാലങ്ങൾ—സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) (പ്ലാൻ)

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ദേശീയപാതാ വിഭാഗത്തിന്റെ പാലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിലേയ്ക്കായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ—റോഡുപണികൾ—സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)—വൻകിട മരാമത്ത് പണികൾ (പ്ലാൻ)

കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 400 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—പൊതുമേഖലാസ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായം

പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരളാ ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായത്തിനായി പുതിയ ശീർഷകം ഉൾപ്പെടുത്തി കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-190-97-66—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജനറൽ—പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം—ലിംഗസമത്വ—സ്ത്രീ-ശാക്തീകരണ നയ നിർവ്വഹണം—ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം—ലിംഗ സമത്വ പദ്ധതി നിർവ്വഹണം (നോൺ പ്ലാൻ)

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.18 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-82—റോഡുകളും പാലങ്ങളും—ജനറൽ—മറ്റു ചെലവുകൾ—പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ (പ്ലാൻ)

പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സംസ്ഥാന തലത്തിൽ വിവിധ പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 7.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ —മറ്റ് ചെലവുകൾ —റെയിൽവേ സുരക്ഷിതത്വ പണികൾ (പ്ലാൻ)

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—മേൽപ്പാലങ്ങളുടെ പൂർത്തീകരണം (നോൺ പ്ലാൻ)

കാഞ്ഞങ്ങാട്, ഫറോക്ക്, പാവങ്ങാട്, കാരിത്താസ് എന്നീ പാലങ്ങളുടെ 2018-19-ലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ (നോൺ പ്ലാൻ)

പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരമന, പാവങ്ങാട് ആർ. ഒ. ബി. കൾക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനഘട്ടത്തിലാണ്. ആയതിനാൽ 8.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—കൊച്ചിയിൽ സീ പോർട്ട്—എയർപോർട്ട് റോഡിന്റെ നിർമ്മാണം (പ്ലാൻ)

കൊച്ചിയിൽ സീപോർട്ട് -എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. എച്ച്. എം. ടി. യുടെയും എൻ.എ.ഡി. യുടെയും ഭൂമി ലഭ്യമാകുമ്പോൾ എച്ച്. എം. ടി. മുതൽ എൻ.എ.ഡി. വരെയുള്ള പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-68—<u>പൊതുമരാമത്ത് റോഡുകളും പാലങ്ങളും—ജനറൽ—മറ്റു ചെലവുകൾ—പി.പി.പി. (അന്വിറ്റി) നടപ്പാക്കൽ റോഡ് നിർമ്മാണം (പ്ലാൻ)</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ റീഹാബിലിറ്റേഷൻ പാക്കേജ് എ.ബി. എന്നിവയുടെ കൺസഷനെയർ കമ്പനിക്ക് കരാർ പ്രകാരം നിശ്ചിത തീയതികളിൽ നൽകേണ്ട അന്വിറ്റി തുക അനുവദിക്കുന്നതിനായി 32.46 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-66—<u>പൊതുമരാമത്ത് റോഡുകളും പാലങ്ങളും—ജനറൽ—മറ്റു ചെലവുകൾ—അധിക പൊതുമരാമത്ത് പ്രവൃത്തികൾ (നോൺ പ്ലാൻ)</u>

ഈ ശീർഷകത്തിൽ 700 കോടി രൂപ അധികമായി അനുവദിക്കണമെന്നും 5054-04-800-337-97-ശീർഷകത്തിൽ 2016-17, 2017-18 വർഷങ്ങളിലായി അനുവദിച്ചിട്ടുള്ള 500 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് ഭരണാനുമതി നൽകുന്നതിന് ഉപയോഗിക്കാവുന്ന ഫണ്ടായി ഈ ശീർഷകത്തിലേക്ക് ധനപുനഃവിനിയോഗം ചെയ്ത് നൽകണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പൊതുമരാമത്ത് വകുപ്പിന് നേരിട്ട് ഉപയോഗിക്കാൻ കഴിയാത്ത തുക വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തുന്നത് യുക്തമായ നടപടി അല്ലെന്നും പി.ഡബ്ല്യു.ഡി.-ക്കുള്ള തുകയല്ലെങ്കിൽ ആ തുക ആർക്കാണോ കൊടുക്കുന്നത് അവരുടെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

3051-02-001-99—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—പോർട്ട് ഡയറക്ടറേറ്റ് (നോൺ പ്ലാൻ)</u>

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, ദിവസ വേതനം, അലവൻസ്, അദർ ഐറ്റംസ്, അദർ ചാർജ്ഡ് അദർ ഐറ്റംസ്, റിപ്പയർ ആന്റ് മെയിന്റനൻസ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോഴ്സ് ഓർഗനൈസേഷൻ സ്ഥാപിക്കലും (നോൺ പ്ലാൻ)

തുറമുഖ ഡയറക്ടറേറ്റിൽ ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, ദിവസ വേതനം, യാത്രാബത്ത, ടെലഫോൺ ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ശീർഷകത്തിലും, ഇതേ വകുപ്പിന്റെ കീഴിലുള്ള ടഗ്ഗുകൾ, ബാർജ്ജുകൾ, മറ്റു ജല വാഹനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി നീണ്ടകരയിലും ബേപ്പൂരിലും ഉള്ള വർക്ക്ഷോപ്പിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് നൽകുന്നതിന് സാലറി ഓവർടൈം എന്ന ശീർഷകത്തിലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 11.10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-101-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—നിർമ്മാണവും അറ്റകുറ്റപ്പണികളും—പോർട്ട് ഡിപ്പാർട്ട്മെന്റ്

തുറമുഖ വകുപ്പിനുകീഴിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, സിഗ്നൽ സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, വർക്ക്ഷോപ്പുകൾ, സ്റ്റോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

3051-02-102-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—പോർട്ട് ഓഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും (നോൺ പ്ലാൻ)

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ പോർട്ട് ഓഫീസർമാരുടെ ഓഫീസുകളിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെയും, ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ, ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, ടെലഫോൺ ചാർജ്ജുകൾ, വാടക, കരം, നികുതി, മോട്ടോർ വെഹിക്കിൾസ് റിപ്പയേഴ്സ് ആന്റ് മെയിന്റനൻസ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3051-02-102-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—തുറമുഖ കാര്യാന്വേഷണം—അന്വേഷണവും രക്ഷാനടപടിയും (നോൺ പ്ലാൻ)

കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, ജലവാഹനങ്ങൾക്കുള്ള ഇന്ധന ചെലവ് എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-97—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഡ്രെഡ്ജിംഗും സർവ്വേയിങ്ങും—ഡ്രെഡ്ജിംഗ് സർവ്വേയിങ്ങും—ഡ്രെഡ്ജിംഗ് യൂണിറ്റ് (നോൺ പ്ലാൻ)

തുറമുഖങ്ങളിലെ അത്യാവശ്യ മണ്ണുമാന്തൽ പ്രവർത്തനത്തിനുവേണ്ടിയുള്ള ഗ്രാബ് ഡ്രെഡ്ജറുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ഓവർടൈം അലവൻസ്, യാത്രാബത്ത, മറ്റിനം എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4.5 ലക്ഷം രൂപ കൂടി അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് (നോൺ പ്ലാൻ)

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 02-5—ദിവസവേതനം എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 04-1—യാത്രാബത്ത എന്ന ശീർഷകത്തിൽ 5.03 ലക്ഷം രൂപയും 05-1—വെള്ളക്കരം എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 05-2—വൈദ്യുത ചെലവ് എന്ന ശീർഷകത്തിൽ 5.55 ലക്ഷം രൂപയും 05-3—ടെലഫോൺ ചെലവ് എന്ന ശീർഷകത്തിൽ 3.12 ലക്ഷം രൂപയും 05-04—മറ്റിനം എന്ന ശീർഷകത്തിൽ 4.12 ലക്ഷം രൂപയും 21-2—മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും എന്ന ശീർഷകത്തിൽ 7.17 ലക്ഷം രൂപയും34-03—മറ്റിനം എന്ന ശീർഷകത്തിൽ 1 ലക്ഷം രൂപയും 45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2.21 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5051-02-200-73—ചെറുകിട തുറമുഖ വികസനം തിരുവനന്തപുരം (വലിയതുറ) വികസനം**

വലിയതുറ ഗോഡൗണിന്റെ നവീകരണം വലിയതുറ പിയർ ബലപ്പെടുത്തൽ, പിയറിനോടനുബന്ധിച്ച് സംരക്ഷണഭിത്തി നിർമ്മാണം, റോഡ് നിർമ്മാണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ വലിയതുറ കോമ്പൗണ്ട് വാൾ, റോഡ് എന്നിവയുടെയും പിയറിനോടനുബന്ധിച്ചുള്ള സംരക്ഷണഭിത്തിയുടെയും നിർമ്മാണത്തിന് 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5051-80-800-75—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവക്കുള്ള മൂലധനച്ചെലവ്—ജനറൽ—മറ്റുചെലവുകൾ—നിരീക്ഷണകപ്പലുകളുടെറീപ്ലേയ്സ്മെന്റും നവീകരണവും (പ്ലാൻ)**

നിരീക്ഷണ കപ്പലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി 2018 ഫെബ്രുവരി 21-ാം തീയതി കൂടുവാൻ തീരുമാനിച്ചിരുന്ന യോഗത്തിലെ അജണ്ട 16-ാം തീയതിയിലേക്ക് മാറ്റുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 12.30-ന് പിരിഞ്ഞു.

## 16-2-2018-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2018 ഫെബ്രുവരി 16-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ബഹു.സമിതി ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ, സമിതി എക്സ്-ഒഫീഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും, ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺഫെർണാണ്ടസ്, എം. എൽ. എ.
2. ശ്രീ. വി. ആർ. സുനിൽകുമാർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും/ ജലസേചന വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. ജി. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ശ്രീ. കെ. പത്മകുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്
5. ശ്രീ. ഷാജി. വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്
6. ശ്രീ. എസ്. സുരേഷ് കുമാർ, ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ വകുപ്പ്
7. ശ്രീ. അജിത് പാട്ടീൽ, മാനേജിംഗ് ഡയറക്ടർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്/പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
8. ശ്രീ. വി. അജിത് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ
9. ശ്രീമതി എസ്. മാലതി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. കെ. എം. ശ്രീകുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
11. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ
12. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
13. ശ്രീ. എം, കെ. ഐസക് കുട്ടി, ഫിനാൻഷ്യൽ അഡ്വൈസർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

14. ശ്രീ. ആനന്ദ് എളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്

15. ശ്രീ. വി. സുരേഷ് കുമാർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ഗതാഗത വകുപ്പ്

16. ശ്രീ. എ. അജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

17. ശ്രീമതി വി. ആർ. ശോഭ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീ. കെ.ആർ ബിജു, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

19. ശ്രീ. പി. റ്റി. ബെന്നി, പ്രോജക്റ്റ് ഡയറക്ടർ, കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

20. ശ്രീമതി നിമ്മി മാത്യു, ജനറൽ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്), കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

21. ശ്രീ. പി. കെ. ജയരാജൻ, ജനറൽ മാനേജർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

22. ശ്രീ. കെ. വി മാർത്താണ്ഡൻ, പ്രിൻസിപ്പൽ പ്രോജക്റ്റ് കൺസൾട്ടന്റ്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്.

23. ശ്രീ. എസ്. സുബ്രഹ്മണ്യ അയ്യർ, ജോയിന്റ് ജനറൽ മാനേജർ (സിവിൽ), കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

24. ശ്രീ. ജി. അനിൽ കുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്), കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

25. ശ്രീ. എസ്. എസ്. സന്തോഷ്, സീനിയർ ഫിനാൻസ് ഓഫീസർ, ഗതാഗത വകുപ്പ്.

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ IX—(വാഹനനികുതികൾ), XLI—(ഗതാഗതം) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തുകയും മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് 2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമായതിനാൽ അധികമായി തുക ആവശ്യമില്ലെന്ന് തൊഴിലും നൈപുണ്യവും/ജലസേചനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഡ്രൈഡോക്കിന്റെ നിർമ്മാണം, തീം ക്രൂയിസ് വെസ്സലിന്റെ നിർമ്മാണം, സൗരോർജ്ജ യാത്രാനൗകയുടെ നിർമ്മാണം എന്നീപദ്ധതികളുടെ പ്രൊപ്പോസൽ അംഗീകരിക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

## സംസ്ഥാന ജലഗതാഗത വകുപ്പ്

3056-00-001-98-02-5—<u>ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—വേതനം—ദിവസവേതനം (നോൺ പ്ലാൻ)</u>

2018-19 വർഷത്തേയ്ക്ക് ഈ ഇനത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് കൊടുത്തു തീർക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3056-00-001-98-05-4—<u>ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ (നോൺ പ്ലാൻ)</u>

ചെക്കിംഗ് ബാറ്റ ഉൾപ്പെടെയുള്ള 2018-19 വർഷം പ്രതീക്ഷിക്കുന്ന ചെലവ് കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3056-00-001-9806—<u>ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—വാടക, കരം, നികുതി (നോൺ പ്ലാൻ)</u>

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3056-00-001-98-34(3)—<u>ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും—ഓപ്പറേഷൻ—മറ്റു ചെലവുകൾ—മറ്റിനം (നോൺ പ്ലാൻ)</u>

വകുപ്പിൽ പുതിയ സർവ്വീസുകൾ നടപ്പിലാക്കിയതിനാൽ ഇന്ധന ചെലവ് വർദ്ധിക്കുന്ന സാഹചര്യമാണെന്ന് സമിതി മനസിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

3056-00-001-97-01-4—ഉൾനാടൻ ജലഗതാഗതം ഭരണവും നടത്തിപ്പും—അറ്റകുറ്റപ്പണികളും സംരക്ഷണവും—ശമ്പളം—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (നോൺ പ്ലാൻ)

പെൻഡിംഗ് മെഡിക്കൽ ബില്ലുകൾ കൊടുത്തു തീർക്കുന്നതിനു പ്രതീക്ഷിക്കുന്ന ചെലവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-003-99—ഉൾനാടൻ ജലഗതാഗതം—പരിശീലനവും ഗവേഷണവും—ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം (നോൺ പ്ലാൻ)

ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ കൂടുതലായി നടത്തുവാൻ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന യിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും—അറ്റകുറ്റപ്പണികളും സംരക്ഷണവും—യന്ത്രോപകരണങ്ങൾ (നോൺ പ്ലാൻ)

പുതിയ ഡ്രൈഡോക്ക്, സ്ലിപ് വേ സംവിധാനങ്ങൾ പ്രവർത്തിച്ചു തുടങ്ങുന്നതോടെ സ്പെയർപാർട്ടുകളും, അനുബന്ധ വസ്തുക്കളും കൂടുതലായി വാങ്ങേണ്ടിവരുന്നതിനാൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-01-4—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ്—ശമ്പളം—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് (നോൺ പ്ലാൻ)

(104) 2018-19 വർഷത്തിലെ പാസ്സായി വരുന്ന മെഡിക്കൽ ബില്ലുകൾ മാറി നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-04 (2)—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ്—യാത്രാ ചെലവുകൾ—സ്ഥലംമാറ്റബത്ത (നോൺ പ്ലാൻ)

ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 20,000 രൂപ അധികമായി ധനഃപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം, ഭരണവും നടത്തിപ്പും മാനേജ്മെന്റ്—ഓഫീസ് ചെലവുകൾ—വൈദ്യുതചെലവ് (നോൺ പ്ലാൻ)

പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന ഡ്രൈ ഡോക്ക് സംവിധാനം, സ്ലിപ് വേകൾ എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അധിക ഉപഭോഗം ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-3—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും മാനേജ്മെന്റ്—മാനേജ്മെന്റ്—ഓഫീസ് ചെലവുകൾ—ടെലഫോൺ ചെലവ് (നോൺ പ്ലാൻ)

വകുപ്പിന്റെ ബ്രോഡ്ബാൻഡ്, ഇന്റർനെറ്റ് കണക്ഷൻ, സി.യു.ജി. എന്നിവയുടെ ബില്ലുകൾ കൊടുത്തു തീർക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 ലക്ഷം രൂപ അധികമായി ധനഃപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-17—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും—മാനേജ്മെന്റ്—ചെറുകിട മരാമത്തു പണികൾ (നോൺ പ്ലാൻ)

വകുപ്പിന്റെ കെട്ടിടങ്ങളുടെ ചെറുകിട അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-21-02—ഉൾനാടൻ ജലഗതാഗതം—ഭരണവും നടത്തിപ്പും മാനേജ്മെന്റ്—മോട്ടോർ വാഹനങ്ങൾ—സംരക്ഷണവും അറ്റകുറ്റപ്പണിയും (നോൺ പ്ലാൻ)

വകുപ്പിന് മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5056-00-104 -85(01)—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധന ചെലവ്—നാവിഗേഷൻ—കേരള പരിപ്രേക്ഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാപദ്ധതികളുടെ നടപ്പിലാക്കൽ—കൊച്ചി സംയോജിത ജലഗതാഗത പദ്ധതി (പ്ലാൻ)

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനും, മറ്റു പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 117.54 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള പരിപ്രേക്ഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ—കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (പ്ലാൻ)

കൊച്ചി മെട്രോയുടെ ജെ. എൽ. എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5075-60-190-94(1)—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ—കേരള പരിപ്രേക്ഷ്യാ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ—കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ (പ്ലാൻ)

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നതിന് സ്ഥലമേറ്റെടുപ്പ് ഉൾപ്പെടെയുള്ള പണികൾക്കായും, റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 343.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്—മറ്റുള്ളവ—മറ്റു ചെലവുകൾ—കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (പ്ലാൻ)</u>

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം I A (പേട്ട-എസ്. എൻ. ജംഗ്ഷൻ)-യുടെയും ജെ. എൽ. എൻ. സ്റ്റേഡിയം-ഇൻഫോപാർക്ക് പുതിയ മെട്രോ ലൈനിന്റെയും തയ്യാറെടുപ്പ് പ്രവൃത്തികൾക്കും (ഭൂമി ഏറ്റെടുക്കലും, സിവിൽ ജോലികളും), ഘട്ടം I മായി ബന്ധപ്പെട്ട പ്രാരംഭ-അനുബന്ധപ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 573.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപാധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മോട്ടോർവാഹന വകുപ്പ് എന്ന ശീർഷകത്തിൽ അധിക തുക ആവശ്യപ്പെടുന്നില്ലായെന്നും കെ.എസ്.ആർ.ടി.സി.-ക്ക് മാത്രമാണ് അധിക തുക ആവശ്യപ്പെടുന്നതായും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

7055-00-190-99—<u>റോഡ് ഗതാഗതത്തിനുള്ള വായ്പകൾ—പൊതുമേഖലകളും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ—കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ (നോൺ പ്ലാൻ)</u>

2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം 20 കോടി രൂപ കെ. എസ്. ആർ. ടി. സി. ട്രഷറിയിൽ നിക്ഷേപിക്കണമെന്നും പ്രസ്തുത തുകയ്ക്ക് തുല്യമായ തുക നോൺ പ്ലാൻ വിഹിതമായി സർക്കാർ ഒരു വർഷം പരമാവധി 240 കോടി രൂപ നൽകണമെന്നും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 214.40 കോടി രൂപ, 305 കോടി രൂപ, 755 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ആകുമ്പോഴേക്കും പ്രതിമാസ പെൻഷൻ ബാദ്ധ്യത ഏകദേശം 68 കോടി രൂപയാകുമെന്ന് സമിതി വിലയിരുത്തി.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തന മൂലധന ചെലവുകൾക്കായി 500 കോടി രൂപയും പെൻഷൻ ഫണ്ടിലേയ്ക്ക് 360 കോടി രൂപയും 2018 മാർച്ച് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിന് 284 കോടി രൂപയും ഉൾപ്പെടെ 1,144 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, റോഡുകളിൽ ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നടക്കുന്നില്ലായെന്നും ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികളാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

ജില്ലകളിൽ കളക്ടറും, എസ്. പി. യും, ആർ.ടി.ഒ.യും അടങ്ങിയ ജില്ലാ സുരക്ഷാ അതോറിറ്റികളുടെ പ്രൊപ്പോസൽസ് പരിശോധിച്ച് അനുമതി നൽകേണ്ടത് റോഡ് സേഫ്റ്റി അതോറിറ്റിയാണെന്നും ആയതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നതായും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു

റോഡ്സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം ചേരുന്നതിന് സമിതി തീരുമാനിച്ചു. പ്രസ്തുത യോഗം ചേരുന്നതിന് മുമ്പായി 2016-17, 2017-18 എന്നീ വർഷങ്ങളിൽ റോഡ് സേഫ്റ്റി അതോറിറ്റിക്ക് ഏതൊക്കെ ഫണ്ട് ലഭിച്ചിട്ടുണ്ടെന്നും ടി ഫണ്ട് ഏതൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു അതോറിറ്റിയുടെ ഘടന സംബന്ധിച്ച വിശദാംശം കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമായ ഫണ്ട് എന്നീ കാര്യങ്ങളെ സംബന്ധിച്ച സമഗ്രമായൊരു റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി 2018-19-ലെ IX—(വാഹനനികുതികൾ), XV—(പൊതുമരാമത്ത്), XL—(തുറമുഖങ്ങൾ), XLI—(ഗതാഗതം) എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

## 8-3-2018-ലെ യോഗ നടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2018 മാർച്ച് മാസം 8-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം 4.25-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഗതാഗത വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
3. ശ്രീ. വി. ആർ. സുനിൽകുമാർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. കെ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
2. ശ്രീമതി വി. ലീല, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. രാജീവ് പുത്തലത്ത്, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഗതാഗത വകുപ്പ്.
4. ശ്രീമതി പി. ഇന്ദുലേഖ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. കെ. ജി. സാമുവൽ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സ്), ഗതാഗത വകുപ്പ് .

2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടുകൂടി അംഗീകരിക്കുകയും ചെയ്തു

2-ാം ഖണ്ഡത്തിൽ പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 9-ാം വകുപ്പിൽ "പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾക്കുപകരം "അഖിലേന്ത്യാ സർവീസിൽനിന്നുള്ള ഗവൺമെന്റ് സെക്രട്ടറിയുടെയോ പോലീസ് ഇൻസ്പെക്ടർ ജനറലിന്റെയോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെയോ പദവിയിൽ താഴെയല്ലാത്ത" എന്നീ വാക്കുകൾ ചേർക്കുവാൻ സമിതി നിർദ്ദേശിച്ചു.

യോഗം വൈകുന്നേരം 4.40-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.